2023
JULY
08
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
WAYA BEAN
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## കാർ വിൽപനയിൽ ഇന്ത്യ കുതിക്കുന്നു



**കൊച്ചി:** കാർ വിൽപനയിൽ ഇന്ത്യ അതിവേഗപാതയിൽ: ഇപ്പോഴത്തെ തോതിലുള്ള വിൽപന തുടർന്നാൽ വർഷാവസാനത്തോടെ ലോകത്തെ ഏറ്റവും വലിയ മൂന്നാമത്തെ കാർ വിപണി ഇന്ത്യയിലേതാകും. ചൈനയ്ക്കും യുഎസിനും പിന്നിൽ ഇപ്പോൾ ജപ്പാനാണു മൂന്നാം സ്ഥാനത്ത്.

ഈ വർഷം പിന്നിട്ട ആറു മാസംകൊണ്ടു രാജ്യത്തെ കാർ വിൽപന 20 ലക്ഷം യൂണിറ്റിനു മുകളിലെത്തിയിരിക്കുന്നു. ഇതു റെക്കോർഡ‍ാണ്. പല വികസ്വര രാജ്യങ്ങളിലെയും വാർഷിക വിൽപനയെക്കാൾ കൂടുതലാണിത്. ഡിസംബറോടെ രാജ്യത്തെ വാർഷിക വിൽപന 40 ലക്ഷം പിന്നിടുമെന്നാണ് അനുമാനം.

കാർ വിൽപന സംബന്ധിച്ച കണക്കുകൾ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ വിലയിരുത്താൻ സഹായിക്കുന്ന പ്രധാന സൂചികകളിലൊന്നാണ്. കാരണം അത് സ്വകാര്യ ഉപഭോഗവുമായി ബന്ധപ്പെട്ടിരിക്കുന്നു. രാജ്യത്തിന്റെ സാമ്പത്തിക വളർച്ച കണക്കാക്കുന്നതിൽ സ്വകാര്യ ഉപഭോഗത്തിന് 50% പ്രാതിനിധ്യമുണ്ട്.

ജനുവരി മാർച്ച് കാലയളവിൽ 10.25 ലക്ഷത്തോളം കാറുകളുടെ വിൽപന നടന്നു. ഏപ്രിൽ ജൂൺ കാലയളവിലെ വിൽപനയും 10 ലക്ഷം പിന്നിട്ടതായാണു കണക്കാക്കുന്നത്. ജൂണിൽ മാത്രം 3,28,909 കാറുകളുടെ വിൽപന സാധ്യമായി. കഴിഞ്ഞ വർഷം ജൂണിലെ വിൽപനയാകട്ടെ 3,20,846 മാത്രമായിരുന്നു. മിക്ക നിർമാതാക്കൾക്കും വിൽപനയിൽ മികച്ച നേട്ടം കൈവരിക്കാനായി.

## ഗ്രാമീണ മേഖലയിൽ വായ്പാവിതരണം കൂട്ടാൻ നിർദേശം



**ന്യൂഡൽഹി:** ഗ്രാമീണ, കാർഷിക മേഖലകളിൽ വായ്പകൾ നൽകുന്നത് വർധിപ്പിക്കണമെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ പൊതുമേഖലാ ബാങ്കുകൾക്ക് നിർദേശം നൽകി. മൊത്തത്തിൽ മുൻഗണനാ മേഖലകൾക്കുള്ള വായ്പ (പ്രയോരിറ്റി സെക്ടർ ലെൻഡിങ്) ടാർഗറ്റിനു മുകളിലാണെങ്കിലും കൃഷി അടക്കമുള്ള ഉപവിഭാഗങ്ങളിൽ ലക്ഷ്യം കൈവരിച്ചിട്ടില്ല. കാർഷിക മേഖലയിൽ ചെറുകിട കർഷകർക്കും ചെറു സംരംഭങ്ങൾക്കും പ്രത്യേക ഊന്നൽ നൽകണമെന്ന് കേന്ദ്രം നിഷ്കർഷിച്ചു. ഇന്നലെയാണ് ധനമന്ത്രിയുടെ അധ്യക്ഷതയിൽ പൊതുമേഖലാ ബാങ്കുകളുടെ യോഗം ചേർന്നത്.

വഴിയോരകച്ചവടക്കാർക്ക് 10,000 രൂപ ഈടുരഹിത വായ്പ നൽകുന്ന പിഎം സ്വനിധി പദ്ധതിയുമായി ബന്ധപ്പെട്ട് ബാങ്കുകൾക്ക് നൽകിയ ടാർഗറ്റ് കൈവരിക്കാനും നിർദേശമുണ്ട്. റീജനൽ റൂറൽ ബാങ്കുകളുടെ പ്രവർത്തനം വിലയിരുത്താൻ ഓഗസ്റ്റ് വരെ ധനമന്ത്രി വിവിധയിടങ്ങളിൽ യോഗങ്ങൾ നടത്തും.

2022, 23ൽ പൊതുമേഖലാ ബാങ്കുകൾക്ക് മൊത്തത്തിൽ 1.05 ലക്ഷം കോടി രൂപയുടെ ലാഭമുണ്ടായെന്ന് ധനമന്ത്രി അറിയിച്ചു. 2014നെ അപേക്ഷിച്ച് ലാഭം മൂന്നിരട്ടിയായി. ബാങ്കുകളുടെ മൊത്തം നിഷ്ക്രിയ ആസ്തി (ജിഎൻപിഎ) 4.97 ശതമാനമായെന്ന് മന്ത്രി അറിയിച്ചു.



## ഒഡീഷ ട്രെയിൻ അപകടം

# മൂന്ന് ഉദ്യോഗസ്ഥരെ അറസ്റ്റു ചെയ്ത് സിബിഐ

**ന്യൂഡൽഹി:** ഒഡീഷയിലെ ബാലസോറിലെ ബഹനാഗ ബസാ!ർ സ്റ്റേഷനിൽ 288 പേരുടെ മരണത്തിനിടയാക്കി കോറമാണ്ഡൽ എക്സ്പ്രസ് ഗുഡ്സ് ട്രെയിനിൽ ഇടിച്ചു മറിഞ്ഞ അപകടവുമായി ബന്ധപ്പെട്ട് 3 പേരെ സിബിഐ അറസ്റ്റു ചെയ്തു. ബാലാസോർ സീനിയർ സെക്ഷൻ എൻജിനിയർ അരുൺ കുമാർ മഹന്ത, സോഹോ സീനിയർ സെക്ഷൻ ഓഫിസർ മുഹമ്മദ് ആമിർ ഖാൻ, സ്റ്റേഷനിലെ ടെക്നീഷ്യൻ പപ്പു കുമാർ എന്നിവരെയാണ് സിബിഐ അറസ്റ്റു ചെയ്തത്. ഐപിസി 304, 201 വകുപ്പുകൾ പ്രകാരമാണ് അറസ്റ്റ്.

അപകടത്തിനു കാരണം സ്റ്റേഷനിലെ സിഗ്നൽ തകരാറാണെന്ന് മുഖ്യ റെയിൽവേ സുരക്ഷാ കമ്മിഷണറുടെ അന്വേഷണ റിപ്പോർട്ടിൽ പറഞ്ഞിരുന്നു. ജൂൺ രണ്ടിനാണ് ഹൗറയിൽനിന്നു ചെന്നൈയിലേക്കു പോയിരുന്ന കോറമാണ്ഡൽ എക്സ്പ്രസ് നിർത്തിയിട്ടിരുന്ന ഗുഡ്സ് ട്രെയിനിൽ ഇടിച്ചു മറിഞ്ഞത്. ഇതിന്റെ കോച്ചുകൾ മറിഞ്ഞ് അടുത്ത ലൈനിലൂടെ പോയിരുന്ന യശ്വന്ത്പുർ, ഹൗറ എക്സ്പ്രസിലും ഇടിച്ച് അതിന്റെ കോച്ചുകളും പാളം തെറ്റി.

മെയിൻ ട്രാക്കിലൂടെ പോകേണ്ടിയിരുന്ന കോറമാണ്ഡൽ എക്സ്പ്രസ് ലൂപ് ലൈനിലേക്കു തെറ്റിക്കയറി നിർത്തിയിട്ട ഗുഡ്സ് ട്രെയിനിന്റെ പിന്നിൽ ഇടിച്ചു മറിഞ്ഞത് സ്റ്റേഷനിലെ വടക്കു ഭാഗത്തുള്ള സിഗ്നലിലും അടുത്തുള്ള ലെവൽ ക്രോസിങ് 94ലും നടന്ന അറ്റകുറ്റപ്പണി ശരിയായ രീതിയിൽ ചെയ്യാത്തതിനാലാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു.

അതിന് ഉത്തരവാദികളായത് അന്ന് ഡ്യൂട്ടിയിലുണ്ടായിരുന്ന ഉദ്യോഗസ്ഥരാണെന്നും റിപ്പോർട്ടിൽ സൂചനയുണ്ടായിരുന്നു.



# വികസനത്തിനൊപ്പം പ്രകൃതി സംരക്ഷണത്തിനും പ്രാധാന്യം നൽകണം: മന്ത്രി ആന്റണി രാജു

**തിരുവനന്തപുരം:** വികസനത്തിനൊപ്പം പ്രകൃതിവന സംരക്ഷണത്തിനും പ്രാധാന്യം നൽകേണ്ടത് ഓരോ പൗരന്റെയും ഉത്തരവാദിത്തമെന്ന് ഗതാഗത വകുപ്പു മന്ത്രി ആന്റണി രാജു. വന മഹോത്സവത്തിന്റെ സംസ്ഥാനതല സമാപനം തിരുവനന്തപുരത്ത് ജഗതി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഫോർ ദി ഡെഫിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പ്രകൃതി സംരക്ഷണം വിഷയമാക്കി ചർച്ചകളും സെമിനാറുകളും പലയിടങ്ങളിൽ നടക്കുന്നുണ്ട്.എന്നാൽ ഇത് പ്രവൃത്തിപഥത്തിൽ എത്തിക്കുകയെന്ന ലക്ഷ്യം പ്രാപ്തമാകുന്നതായി കാണുന്നില്ല. കാലാവസ്ഥാ വ്യതിയാനവും അന്തരീക്ഷ മലിനീകരണവും ജീവന്റെ നിലനിൽപ്പിനെ ബാധിക്കുന്ന കാലഘട്ടത്തിൽ പ്രകൃതി നൽകുന്ന മുന്നറിയിപ്പുകൾ ഗൗരവമായി കാണണം. മനുഷ്യന്റെ ഓരോ പ്രവൃത്തിയുടെയും മറുവശമാണ് പ്രകൃതി ചൂണ്ടിക്കാട്ടുന്നത്. തൈ നടുന്നതു മാത്രമല്ല അതു പരിപാലിച്ചു വളർത്തിയെടുത്തുകൊണ്ടുള്ള വൃക്ഷവത്ക്കരണമാണ് ഇതിനുള്ള പരിഹാരമെന്നും മന്ത്രി വ്യക്തമാക്കി.

മുൻതലമുറ വളർത്തിയെടുത്ത വൃക്ഷങ്ങൾ ഉൾക്കൊള്ളുന്ന പ്രകൃതിയാണ് ഇന്നത്തെ സമൂഹത്തിനുള്ളത്. വരും തലമുറയ്ക്കായി ചെയ്യേണ്ടുന്ന മഹദ് പ്രവൃത്തി ജീവനും പ്രകൃതിക്കുമായി വൃക്ഷ സംരക്ഷണം തന്നെയാണ്. സ്കൂൾ വിദ്യാർഥികളുൾപ്പെടെ ചുറ്റുമുള്ള ഒരു മരമെങ്കിലും സംരക്ഷിക്കുമെന്ന് പ്രതിജ്ഞയെടുത്ത് മുന്നോട്ട് പോകണം. പ്രകൃതിയോട് ഇഴുകിച്ചേർന്നുള്ള ജീവിതമുണ്ടായാലേ നിലനിൽപ്പുള്ളു എന്ന തിരിച്ചറിവ് നേടാൻ സമൂഹം പ്രാപ്തമാകണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

കൗൺസിലർ അഡ്വ.രാഖി രവികുമാർ അധ്യക്ഷയായിരുന്നു. ചീഫ് വൈൽഡ്ലൈഫ് വാർഡൻ ഗംഗാ സിംഗ് വന മഹോത്സവ സമാപന സന്ദേശം നൽകി. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവ്വേറ്റർ ഡി.ജയപ്രസാദ് സ്വാഗതമാശംസിച്ചു. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവ്വേറ്റർ (സോഷ്യൽ ഫോറസ്ട്രി) ഇ.പ്രദീപ്കുമാർ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവ്വേറ്റർ (എആർ) എ.ചന്ദ്രശേഖർ, ചീഫ് ഫോറസ്റ്റ് കൺസർവ്വേറ്റർ (ഇക്കോ ഡവലപ്മെന്റ്,ട്രൈബൽ വെൽഫെയർ), ജസ്റ്റിൻ മോഹൻ, സ്കൂൾ പ്രിൻസിപ്പൽ നാസർ ആലക്കൽ, സ്റ്റേറ്റ് ബോർഡ് ഫോർ വൈൽഡ് ലൈഫ് അംഗം ഡോ.കലേഷ് സദാശിവൻ, പിടിഎ പ്രസിഡന്റ് എ.ലെനിൻ എന്നിവർ സന്നിഹിതരായിരുന്നു. ചീഫ് ഫോറസ്റ്റ് കൺസർവ്വേറ്റർ (സതേൺ സർക്കിൾ ഡോ.ആർ.കമലാഹർ കൃതജ്ഞതയർപ്പിച്ചു.

വന മഹോത്സവത്തോടനുബന്ധിച്ച് ജഗതി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഫോർ ദി ഡെഫിലെ കുട്ടികൾക്കായി നടത്തിയ മത്സരങ്ങളിലെ വിജയികൾക്ക് മന്ത്രി സമ്മാനദാനം നടത്തി. സ്കൂളിലെ കുട്ടികൾ നൃത്തം അവതരിപ്പിച്ചു. സ്കൂളിൽ നിന്നും കോട്ടൂർ ആന പാർക്കിലേയ്ക്കുള്ള വിദ്യാർഥികളുടെ ഏകദിന യാത്ര ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഗംഗാ സിംഗ് ഫ്ളാഗ് ഓഫ് ചെയ്തു. വന മഹോത്സവത്തോടനുബന്ധിച്ച് സ്കൂൾ പരിസരത്ത് ഗതാഗത മന്ത്രിയും വനം വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥരും വിവിധയിനം വൃക്ഷ തൈകൾ നട്ടു.

# കടയ്ക്കാമൺ തടി ഡിപ്പോയിൽ നഗര വാടിക പദ്ധതി വരുന്നു




**പത്തനാപുരം:** കടയ്ക്കാമൺ തടി ഡിപ്പോയിൽ നഗര വാടിക പദ്ധതിയുമായി വനം വകുപ്പ്. ഡിപ്പോയെ നശിപ്പിക്കാനുള്ള ശ്രമമെന്നു തൊഴിലാളി യൂണിയനുകളും സംഘടനകളും. വാദപ്രതിവാദങ്ങൾക്കിടെ പദ്ധതി നടപടികൾ വേഗത്തിലാണു മുന്നോട്ടുപോകുന്നത്. ഡിപ്പോയിലെ രണ്ടേക്കർ ഭൂമി ഏറ്റെടുത്ത് പദ്ധതി നടപ്പാക്കുകയാണ് വകുപ്പിന്റെ ലക്ഷ്യം. റോഡിന്റെ വശങ്ങളിൽ കണിക്കൊന്നയും പനയും നട്ടു പിടിപ്പിക്കുകയും ഏറ്റെടുക്കുന്ന രണ്ടേക്കർ ഭൂമിയിൽ നിൽക്കുന്ന മരങ്ങളിൽ ഓർക്കിഡ് ഉൾപ്പെടെയുള്ള ചെടികൾ വളർത്തുകയുമാണ് ആദ്യഘട്ടം.

ഇടക്കാടുകൾ വെട്ടി പുല്ല് അതേപടി നിലനിർത്തി ഇവിടം മനോഹരമാക്കിയ ശേഷം വിശ്രമിക്കുന്നതിനും മറ്റുമായി ബെഞ്ച് ഉൾപ്പെടെയുള്ളവ നിർമിക്കും. ഇത്രയും പൂർത്തിയായി കഴിഞ്ഞാൽ വിദ്യാർഥികൾക്കു മരങ്ങളെ കുറിച്ചും മറ്റും പഠിക്കാനുള്ള കേന്ദ്രമായി ഇവിടം മാറ്റും. അതിനായി ഇവിടെ നിൽക്കുന്ന ഓരോ മരത്തിന്റെയും ഇനം മുതൽ കാലഘട്ടം വരെ രേഖപ്പെടുത്തി പ്രത്യേകം ബോർഡുകൾ സ്ഥാപിക്കും. ഇവ വിദ്യാർഥികൾക്കു പറഞ്ഞു നൽകുന്നതിനായി പ്രത്യേകം ജീവനക്കാരെയും നിയമിക്കുമെന്ന് റേഞ്ച് ഓഫിസർ പറഞ്ഞു. പുനലൂർ മൂവാറ്റുപുഴ സംസ്ഥാന പാതയിൽ നിന്നു നേരിട്ട് ഇവിടേക്കു പ്രവേശിക്കാം എന്നതാണ് പദ്ധതിക്കായി ഇവിടം തിരഞ്ഞെടുക്കാൻ കാരണം.

അതേ സമയം തടി വിൽക്കുന്ന ഡിപ്പോയിൽ നഗരവാടിക പദ്ധതിക്കായി ഭൂമിയേറ്റെടുക്കുന്നതു ഡിപ്പോയെ ഇല്ലാതാക്കാൻ വേണ്ടിയാണെന്ന് ഡിപ്പോ തൊഴിലാളി യൂണിയൻ പ്രസിഡന്റ് വി.വി.ഉല്ലാസ് രാജ്, കൺവീനർമാരായ സദാനന്ദൻ, ഷാജി, പ്രതീഷ്, സാനു എന്നിവർ പറഞ്ഞു. നിലവിൽ തടിയിറിക്കുന്ന സ്ഥലമല്ലാതെ മറ്റെവിടെയെങ്കിലും പദ്ധതി നടപ്പാക്കണമെന്നാണ് ഇവരുടെ ആവശ്യം. ഇക്കാര്യം ചൂണ്ടിക്കാട്ടി മന്ത്രിക്കു പരാതി നൽകിയെന്നും നേതാക്കൾ പറഞ്ഞു. പദ്ധതി നടപ്പാക്കുന്നത് അഴിമതി ലക്ഷ്യമിട്ടാണെന്നു പ്രതികരണ വേദി പ്രസിഡന്റ് കമുകുംചേരി ജി.സുരേഷ് ബാബു ആരോപിച്ചു.

അലിമുക്കിൽ സ്ഥലമുണ്ടായിട്ടും ഡിപ്പോയിൽ തന്നെ പദ്ധതി നടപ്പാക്കുന്നത് ഇതിനുദാഹരണമാണെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ, ഡിപ്പോയിലെ ഐഎൻടിയുസി യൂണിയൻ പദ്ധതിയെ പിന്തുണയ്ക്കുന്നുവെന്നു പ്രസിഡന്റ് പി.ജെ.ഷാനവാസ് പറഞ്ഞു. പദ്ധതി നടപ്പിലാകുന്നതോടെ കുറഞ്ഞതു 3 പേർക്കെങ്കിലും തൊഴിൽ ലഭിക്കുമെന്ന പ്രതീക്ഷയുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഡിപ്പോയിൽ മൊത്തം 6 ഹെക്ടർ ഭൂമിയുണ്ടെന്നും ഇതിൽ രണ്ടേക്കർ ഭൂമി മാത്രമാണു പദ്ധതിക്കായി ഏറ്റെടുക്കുന്നതെന്നും വനം വകുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞു.

## അംബേദ്കർ ഗ്രാമം: മുല്ലക്കൊടി കോളനി വികസനത്തിന് ഒരു കോടിയുടെ ഭരണാനുമതി

**കണ്ണൂർ:** മയ്യിൽ പഞ്ചായത്തിലെ മുല്ലക്കൊടി കോളനിയിലെ അടിസ്ഥാന സൗകര്യ പ്രശ്നങ്ങൾക്ക് പരിഹാരമാകുന്നു. പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ ഭാഗമായി മുല്ലക്കൊടി കോളനിയിൽ ഒരു കോടി രൂപയുടെ വികസനപ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചു. നടപ്പാതകൾ, വീടുകളെ ബന്ധിപ്പിക്കുന്ന റോഡുകൾ, വഴിയോര ലൈറ്റുകൾ, വീടുകളുടെ അറ്റകുറ്റപ്പണി എന്നീ അടിസ്ഥാന സൗകര്യ വികസനം കോളനിയിൽ നടപ്പാകും. അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി കോളനിവാസികളുടെ ജീവിത നിലവാരം ഉയർത്തി സമഗ്ര വികസനം സാധ്യമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

40 പട്ടിക ജാതി കുടുംബങ്ങളിലായി 213 ആളുകൾ മുല്ലക്കൊടി കോളനിയിൽ താമസിക്കുന്നുണ്ട്. 30 വർഷം മുമ്പാണ് ഇവിടെ ആൾതാമസം തുടങ്ങിയത്. എന്നാൽ വിവിധ അടിസ്ഥാന സൗകര്യ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. കോളനിയിലേക്ക് എത്താൻ റോഡ് ഉണ്ടെങ്കിലും കോളനിക്കുള്ളിൽ വീടുകളിലേക്ക് എത്തിപ്പെടാൻ നടപ്പാതകളേയുള്ളൂ. കോളനിക്കുള്ളിലേക്ക് വാഹനങ്ങൾക്ക് എത്തിച്ചേരാൻ കഴിയില്ല. കുടിവെള്ളപ്രശ്നം രൂക്ഷമായ ഇടങ്ങളിൽ പഞ്ചായത്ത് ഇടപെട്ട് പൈപ്പ് ലൈൻ സ്ഥാപിച്ചാണ് പ്രശ്നം പരിഹരിച്ചത്. കോളനിയിൽ സ്ഥാപിച്ച ആനന്ദതീർഥ സാംസ്കാരിക നിലയവും ചെറിയ അറ്റക്കുറ്റപ്പണികളും മാത്രമേ ഇവിടെ നടന്നിട്ടുള്ളൂ.

എം വി ഗോവിന്ദൻ എം എൽ എ യുടെ പ്രത്യേക ഇടപെടലിലൂടെയാണ് അംബേദ്കർ ഗ്രാമം പദ്ധതി കോളനിക്ക് ലഭിച്ചത്. പദ്ധതിയിൽ ടെൻഡർ നടപടികൾ പൂർത്തിയാക്കി ഉടൻ നിർമാണപ്രവൃത്തികൾ ആരംഭിക്കും. പദ്ധതി നടപ്പാകുന്നതോടെ തങ്ങളുടെ അടിസ്ഥാന സൗകര്യ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം ലഭിക്കുമെന്ന പ്രതീക്ഷയിലാണ് കോളനി നിവാസികൾ.

## വിദ്യാർഥികളിൽ കാർഷിക സംസ്കാരം വളർത്തണം: മന്ത്രി വി ശിവൻകുട്ടി

**തിരുവനന്തപുരം:** അക്കാദമിക പ്രവർത്തനങ്ങളെ ബാധിക്കാത്ത തരത്തിൽ വിദ്യാർഥികളിൽ കാർഷിക സംസ്കാരം വളർത്തണമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. വിദ്യാർഥികളിൽ കാർഷിക താത്പര്യവും പരിസ്ഥിതി സ്നേഹവും വളർത്തുന്നതിന് ജില്ലാ ശിശുക്ഷേമ സമിതിയും യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയും സംയുക്തമായി നടപ്പാക്കുന്ന 'എന്റെ വിദ്യാലയം എന്റെ കൃഷി' പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ടി കെ ഡി എം സർക്കാർ ഹയർ സെക്കൻഡറി സ്കൂളിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. പുതിയ പാഠ്യ പദ്ധതിയിൽ കൃഷിയുടെ പ്രാധാന്യം വിവരിക്കുന്ന പാഠഭാഗങ്ങൾ ഉൾക്കൊള്ളിച്ചത് ഏറെ നേട്ടങ്ങളുണ്ടാക്കും. വ്യത്യസ്ത കാർഷിക രീതികൾ, അതിന്റെ പിന്നിലെ ശാസ്ത്രം എന്നിവയെക്കുറിച്ച് വിദ്യാർഥികൾക്ക് പഠിക്കാൻ അവസരം ലഭിക്കുന്നു. കൃഷിയോടുള്ള താത്പര്യം വളർത്തുന്നതിലൂടെ സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയുടെ വളർച്ചയ്ക്കും വികസനത്തിനും വലിയ മുതൽകൂട്ടാകുമെന്നും മന്ത്രി പറഞ്ഞു.

പദ്ധതിയുടെ ആദ്യഘട്ടമായി ജില്ലയിൽ നിന്നും തിരഞ്ഞെടുത്ത 30 സ്കൂളുകൾക്ക് 125 ചെടിച്ചട്ടികൾ വീതമാണ് നൽകുന്നത്. കാർഷിക സർവകലാശാല വികസിപ്പിച്ച പുതിയ വിത്തുകൾ ഉൾപ്പെടെയാണ് വിതരണം ചെയ്യുക. 45 ദിവസത്തിൽ ഇവ കായ്ക്കും. തുടർന്ന് വിളവെടുപ്പ് നടത്തും. ഓരോ ദിവസവും ഓരോ ക്ലാസിലെ കുട്ടികളാണ് ചെടിച്ചട്ടികളുടെ പരിപാലനം നടത്തുക. ജില്ലയിലെ പൊതുമേഖല സ്ഥാപനങ്ങൾ, വിവിധ ബാങ്കുകൾ ഉൾപ്പെടെയുള്ളവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. വിദ്യാർഥികളിൽ വിപുലമായ കാർഷിക സംസ്കാരം രൂപീകരിക്കാൻ ആവിഷ്കരിച്ച മാതൃക പദ്ധതിയാണിത്. കൂടുതൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പെരുമ്പുഴയിൽ ബൃഹദ് രീതിയിലുള്ള കൃഷി ആരംഭിക്കാനും ശിശുക്ഷേമ സമിതി ലക്ഷ്യമിടുന്നു.

സ്കൂൾ ഹെഡ്മിസ്ട്രസ് ആർ ഗീത അധ്യക്ഷയായി. ഡെപ്യൂട്ടി മേയർ കൊല്ലം മധു മുഖ്യപ്രഭാഷണം നടത്തി. കുട്ടികൾക്കുള്ള വൃക്ഷത്തൈ വിതരണം ഉദ്ഘാടനം ഓയിൽ ഫാം ഡയറക്ടർ ബോർഡ് അംഗം ജോർജ് മാത്യു നിർവഹിച്ചു. യൂണിയൻ ബാങ്കുമായിട്ടുള്ള ധാരണാ പത്ര പ്രകാശനവും ലോഗോ പ്രകാശവും മന്ത്രി നിർവഹിച്ചു. ശിശുക്ഷേമ സമിതി ജില്ലാ സെക്രട്ടറി അഡ്വ ഡി ഷൈൻ ദേവ്, യൂണിയൻ ബാങ്ക് ചീഫ് മാനേജർ രാജേഷ് കുമാർ ശുക്ല, ഉളിയക്കോവിൽ ഈസ്റ്റ് ഡിവിഷൻ കൗൺസിലർ എസ് അമ്പിളി, ഡി ഇ ഒ തങ്കമണി, ജെ എ ഇ ഒ ആന്റണി പീറ്റർ, ഹയർ സെക്കൻഡറി പ്രിൻസിപ്പൽ സിനി വർഗീസ്, വി എച്ച് എ സ് സി പ്രിൻസിപ്പൽ ടി എം ബിന്ദു, പ്രോഗ്രാം കൺവീനർ എസ് ദിലീപ്, ശിശുക്ഷേമ സമിതി വൈസ് ചെയർമാൻ അഡ്വ. ഷീബ ആന്റണി, അധ്യാപകർ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു.

# ലക്ഷങ്ങൾ ചെലവഴിച്ചു കെഎസ്ഇബി വാരിക്കൂട്ടിയ മണൽ പമ്പ വിഴുങ്ങി



**വെച്ചൂച്ചിറ:** ലക്ഷങ്ങൾ ചെലവഴിച്ചു കെഎസ്ഇബി ഡാം സുരക്ഷാ വിഭാഗം വാരിക്കൂട്ടിയ ചെളിയും മണലും പമ്പാനദി വിഴുങ്ങി. ആസൂത്രണത്തിലെ പാളിച്ചയാണ് കെഎസ്ഇബിക്ക് വില്ലനായത്. പെരുന്തേനരുവി ജലവൈദ്യുതി പദ്ധതിയുടെ തടയണയിൽ മഹാപ്രളയത്തിലും വെള്ളപ്പൊക്കങ്ങളിലും വൻതോതിൽ ചെളിയും മണലും അടിഞ്ഞിരുന്നു. തടയണയിൽ വെള്ളം ഉൾക്കൊള്ളാനാകാത്ത വിധത്തിലാണ് ചെളിയും മണലും കിടന്നിരുന്നത്. 2018 ഓഗസ്റ്റിലെ പ്രളയത്തിനു ശേഷം ഇതിൽ കുറെ വാരി നീക്കിയിരുന്നു. പെരുന്തേനരുവി വെള്ളച്ചാട്ടത്തിനു സമീപം തരിശായി കിടക്കുന്ന സ്ഥലത്താണ് അവ തള്ളിയത്. പിന്നീട് അതിലിരട്ടി ചെളിയും മണലും തടയണയ്ക്കുള്ളിൽ വശം കാണാനാകാത്ത വിധം അടിഞ്ഞിരുന്നു.

വൻകിട ജലസേചന വിഭാഗത്തിന്റെ ചുമതലയിൽ അവ വാരി നീക്കുന്നതിനു കരാർ നൽകിയിരുന്നു. മണ്ണുമാന്തി ഉപയോഗിച്ച് ചെളി വാരി തടയണയ്ക്കു സമീപത്തിട്ടിരുന്നു. കഴിഞ്ഞ കാലവർഷത്തിൽ അവ വീണ്ടും ഒഴുകി നദിയിലെത്തിയിരുന്നു. അടുത്തിടെയാണ് കെഎസ്ഇബി ഡാം സുരക്ഷാ വിഭാഗം മണലും ചെളിയും വാരി നീക്കാൻ കരാർ നൽകിയത്. തടയണയോടു ചേർന്ന് ഇടത്തിക്കാവ് കരയിൽ വാരിയിട്ടിരുന്ന ചെളിയും മണലുമാണ് കുത്തിയൊലിച്ച് ആറ്റിലെത്തിയത്. വെള്ളത്തിൽ നിന്ന് ചെളി വാരി വെള്ളത്തിൽ തന്നെ കലക്കുന്ന ചെപ്പടി വിദ്യ നടന്നിട്ടും ബന്ധപ്പെട്ടവർ നടപടി സ്വീകരിച്ചിട്ടില്ല.

തടയണയോടു ചേർന്ന് കുരുമ്പൻമൂഴി റോഡിന്റെ വശത്തും ചെളിയും മണലും വാരിയിട്ടിരുന്നു. വെള്ളപ്പൊക്കത്തിൽ അതും തടയണയ്ക്കുള്ളിൽ നിരന്നു. ഫലത്തിൽ ലക്ഷങ്ങൾ ചെലവഴിച്ചതുകൊണ്ട് കെഎസ്ഇബിക്ക് പ്രയോജനമൊന്നുമില്ല. തടയണയ്ക്കുള്ളിൽ ചെളി കിടക്കുന്നതിനാൽ മഴക്കാലത്ത് വൈദ്യുതി ഉൽപാദനവും നടത്താനാകുന്നില്ല. പവർ ഹൗസിലേക്കെത്തിക്കുന്ന വെള്ളത്തിലൂടെ ചെളിയും മണലും ഒഴുകിയെത്തുകയാണ്.

# ഇടുക്കിയിൽ 3 ദിവസം കൊണ്ട് ഉയർന്നത് 5.5 അടി വെള്ളം; മുല്ലപ്പെരിയാറിലും ജലനിരപ്പ് ഉയരുന്നു



**തൊടുപുഴ:** ഇടുക്കി അണക്കെട്ടിൽ 3 ദിവസം കൊണ്ട് ഉയർന്നത് 5.5 അടി വെള്ളം. അണക്കെട്ടിന്റെ വൃഷ്ടിപ്രദേശത്ത് തുടർച്ചയായി ശക്തമായ മഴ ലഭിക്കുന്നതിനാലാണ് ജലനിരപ്പ് കുതിച്ചുയരുന്നത്. ഇന്നലെ വൃഷ്ടിപ്രദേശത്ത് 90.4 മില്ലിമീറ്റർ മഴ ലഭിച്ചപ്പോൾ 109.613 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാനാവശ്യമായ വെള്ള ഒഴുകിയെത്തി.

ഈ മാസം ഇതുവരെ 109.613 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാൻ ആവശ്യമായ വെള്ളമാണ് ഒഴുകിയെത്തിയത്. അണക്കെട്ടിലെ ജലനിരപ്പ് 3.10 അടി ഉയർന്ന് 2310.26 അടിയിലെത്തി. സമുദ്രനിരപ്പിൽ നിന്നുള്ള ഉയരമാണിത്. കഴിഞ്ഞ വർഷം ഇതേ ദിവസം അണക്കെട്ടിലെ ജലനിരപ്പ് 2349.20 അടിയായിരുന്നു.

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ വൃഷ്ടിപ്രദേശത്ത് മഴ ശക്തമായതോടെ അണക്കെട്ടിൽ ജലനിരപ്പ് ഉയർന്നു. ഇന്നലെ വൈകിട്ട് 5ന് ജലനിരപ്പ് 117.55 അടിയായി ഉയർന്നു. കഴിഞ്ഞ വർഷം ഈ സമയത്ത് 129.2 അടിയായിരുന്നു അണക്കെട്ടിലെ ജലനിരപ്പ്.ജൂൺ ഒന്ന് മുതൽ തമിഴ്നാട് ഒന്നാം കൃഷിക്കായി അണക്കെട്ടിൽ നിന്നു 400 ഘനയടി വെള്ളം കൊണ്ടുപോയി തുടങ്ങിയിരുന്നു. 120 ദിവസം തുടർച്ചയായി വെള്ളം കൊണ്ടുപോയാൽ മാത്രമേ തേനി ജില്ലയിലെ 14,707 ഏക്കറിലെ കൃഷി കൃത്യമായി നടക്കുകയുള്ളൂ. ഇതിനാൽ ജലനിരപ്പ് ഈ മാസം ആദ്യം 114 അടിയിലേക്ക് എത്തിയിരുന്നു.

മേഖലയിൽ കാലവർഷം ശക്തി പ്രാപിച്ചിട്ടും മാട്ടുപ്പെട്ടി, കുണ്ടള ജലാശയങ്ങളിൽ ജലനിരപ്പ് ഉയരുന്നില്ല. മൂന്നാർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ മഴ കനത്തെങ്കിലും ജലാശയങ്ങളുടെ സമീപ പ്രദേശങ്ങളിൽ മഴ ശക്തിപ്പെടാത്തതിനാൽ നീരൊഴുക്ക് കുറഞ്ഞതിനാലാണ് ജലാശയങ്ങളിലെ ജലനിരപ്പ് ഉയരാത്തത്.

മാട്ടുപ്പെട്ടി ജലാശയത്തിൽ നിലവിൽ 1580 മീറ്റർ (സമുദ്രനിരപ്പിൽ നിന്ന്) വെള്ളമാണുള്ളത്. 1599.60 മീറ്ററാണ് ജലാശയത്തിന്റെ സംഭരണ ശേഷി. മഴ കുറവാണെങ്കിലും മാട്ടുപ്പെട്ടി, കുണ്ടള ജലാശയങ്ങൾക്ക് സമീപം അതിശക്തമായ കാറ്റാണ് കഴിഞ്ഞ മൂന്നു ദിവസങ്ങളിൽ അനുഭവപ്പെട്ടത്. കുണ്ടള ഡാമിലും വെള്ളം വളരെ കുറവാണ്. ജില്ലാ ഭരണകൂടം കനത്ത മഴമുന്നറിയിപ്പ് നൽകിയതിനെ തുടർന്ന് ഇന്നലെയും മാട്ടുപ്പെട്ടി, കുണ്ടള എന്നിവിടങ്ങളിൽ ബോട്ടിങ് നടത്തിയില്ല. തുടർച്ചയായ മൂന്നാം ദിനമാണ് രണ്ടു സ്ഥലങ്ങളിലും ബോട്ടിങ് നിർത്തിവച്ചത്. എന്നാൽ രാജമല തുറന്നു പ്രവർത്തിച്ചു. ചൊവ്വ, ബുധൻ ദിവസങ്ങളിൽ 613, 648 വീതം സഞ്ചാരികളാണ് വരയാടുകളെ കാണുന്നതിനായി രാജമലയിലെത്തിയത്.

## മിനിമം വേതനം പുതുക്കൽ: തെളിവെടുപ്പ് ഈ മാസം തുടങ്ങും

**തിരുവനന്തപുരം:** കശുവണ്ടി മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം ഏഴ് മാസത്തിനകം പുതുക്കി നിശ്ചയിക്കുന്നതിന് നടപടിയാകുമെന്ന് തൊഴിൽ വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി.

കൂലി പുനർനിർണയിക്കുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിൽ തെളിവെടുപ്പ് നടത്തുന്നതിന് ലേബർ കമ്മീഷണറുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജൂലൈ 22 ന് തിരുവനന്തപുരത്തും ജൂലൈ 31 ന് കൊല്ലത്തും ഓഗസ്റ്റ് നാലിന് ആലപ്പുഴയിലും ഫാക്ടറികൾ സന്ദർശിച്ച് തെളിവെടുപ്പ് നടത്തും. കശുവണ്ടി വ്യവസായ മേഖലയിലെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി സർക്കാർ അതിഥി മന്ദിരത്തിൽ ചേർന്ന കശുവണ്ടി വ്യവസായ ബന്ധ സമിതി യോഗത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. ഓഗസ്റ്റ് എട്ടിന് കൊല്ലത്ത് പൊതുവായ ഒരു തെളിവെടുപ്പും നടത്താൻ തീരുമാനിച്ചതായും മന്ത്രി അറിയിച്ചു.

## സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ

**തിരുവനന്തപുരം:** സമഗ്രശിക്ഷാ കേരളം തിരുവനന്തപുരം ജില്ലയിലെ വിവിധ ബി.ആർ.സികളിൽ നിലവിലുള്ള ഐ.ഇ.ഡി.സി സെക്കൻഡറി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ ഒഴിവുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു.

സെക്കൻഡറി വിഭാഗത്തിൽ ബിരുദവും സ്പെഷ്യൽ എഡ്യൂക്കേഷനിൽ ബി.എഡും, സാധുവായ ആർ.സി.ഐ രജിസ്ട്രേഷനും അല്ലെങ്കിൽ ബിരുദവും ജനറൽ ബി.എഡും സ്പെഷ്യൽ എഡ്യുക്കേഷനിൽ ഡിപ്ലോമയും സാധുവായ ആർ.സി.ഐ രജിസ്ട്രേഷനുമാണ് യോഗ്യത. താൽപര്യമുള്ളവർ ജൂലൈ 19ന് രാവിലെ 9.30 ന് എസ്.എസ്.കെ ജില്ലാപ്രോജക്ട് ഓഫീസിൽ (ഗവ. ഗേൾസ് എച്ച് എസ് സ്കൂൾ കോമ്പൗണ്ട്, കിള്ളിപ്പാലം, തിരുവനന്തപുരം) നടത്തുന്ന വാക് ഇൻ ഇന്റർവ്യൂവിൽ അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളുമായി ഹാജരാകണം. ഫോൺ: 04712455590, 2455591).

## അഗ്രികൾച്ചറൽ എൻജിനിയർ

**തിരുവനന്തപുരം:** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ നീരുറവ് പദ്ധതിയിൽ ജില്ലാ മിഷനുകളിലേക്ക് അഗ്രികൾച്ചറൽ എൻജിനിയറെ ഒരു വർഷത്തെ കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. 51 ഒഴിവുകളുണ്ട്.

കേരളത്തിലെ സർവകലാശാലകൾ അംഗീകരിച്ച അഗ്രികൾച്ചറൽ എൻജിനിയറിംഗിലെ ബിടെക് ബിരുദമാണ് യോഗ്യത. സംയോജിത നീർത്തട പരിപാലന പദ്ധതിയിൽ കുറഞ്ഞത് അഞ്ച് വർഷത്തെ പ്രവൃത്തി പരിചയത്തിന് മുൻഗണനയുണ്ട്. പ്രായ പരിധി 01.06.2023 ന് 40 വയസ് കവിയരുത്. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിന് അഞ്ച് വർഷവും, മറ്റ് പിന്നാക്ക വിഭാഗത്തിന് മൂന്നു വർഷവും വയസിളവ് ലഭിക്കും.

അപേക്ഷകൾ ജൂലൈ 10നു വൈകിട്ട് 5ന് മുൻപ് മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സംസ്ഥാന മിഷൻ, പബ്ലിക് ഓഫീസ്, മൂന്നാം നില, റവന്യൂ കോംപ്ലക്സ്, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ: 04712313385, 2314385.

## ശുദ്ധജല വിതരണ പദ്ധതിക്ക് അനുമതി

**ഏരൂർ:** പഞ്ചായത്തിലെ ശുദ്ധജല ക്ഷാമത്തിനു പരിഹാരമായി ആയിരനെല്ലൂർ കേന്ദ്രമാക്കി വൻകിട ജലവിതരണ പദ്ധതി വരുന്നു. കല്ലടയാറ്റിലെ ആയിരനെല്ലൂർ കടവിൽ നിന്നു ശേഖരിക്കുന്ന വെള്ളം ശുദ്ധീകരിച്ച് 10 വാർഡുകളിൽ വിതരണം ചെയ്യാനാണു ലക്ഷ്യം. ഭാവിയിൽ മറ്റു വാർഡുകളിലും സമീപ പഞ്ചായത്തുകളിലും ജലം വിതരണം ചെയ്യാവുന്ന തരത്തിലാണു പദ്ധതി രൂപകൽപന ചെയ്തിരിക്കുന്നത്.

ഇതിനു സർക്കാർ 50 കോടി രൂപ അനുവദിച്ചു. ഏരൂർ പഞ്ചായത്ത് പ്രസിഡന്റ് ടി.അജയന്റെ നേതൃത്വത്തിൽ പി.എസ്. സുപാൽ എംഎൽഎക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ ശ്രമങ്ങളെത്തുടർന്നാണു പദ്ധതി യാഥാർഥ്യമായത്. പൈപ്പ് ലൈൻ സ്ഥാപിക്കൽ ആരംഭിച്ചു.

വെള്ളം ശേഖരിക്കാൻ ആയിരനെല്ലൂർ കടവിൽ തടയണ നിർമാണം ഉടൻ ആരംഭിക്കുമെന്നാണു സൂചന. ഇവിടെ 6 മീറ്റർ വ്യാസമുള്ള കിണറും പമ്പ്സെറ്റും സ്ഥാപിക്കും. ഇളവറാംകുഴിയിലാണു പ്രധാന ടാങ്ക്. ഇതിന് 5 ലക്ഷം ലീറ്റർ ശേഷി ഉണ്ടാകും. ടാങ്ക് സ്ഥാപിക്കാൻ പഞ്ചായത്ത് 15 സെന്റ് സ്ഥലം ജല അതോറിറ്റിക്കു കൈമാറി. വിളക്കുപാറയിലും ടാങ്ക് സ്ഥാപിക്കും.

## ഭൂഗർഭ പൈപ്പ് ലൈൻ തകരാറിലായി; ശുദ്ധജലം പാഴാകുന്നു

**ശാസ്താംകോട്ട:** റെയിൽവേ സ്റ്റേഷനു സമീപം ജലഅതോറിറ്റിയുടെ ഭൂഗർഭ പൈപ്പ് ലൈൻ തകരാറിലായി ശുദ്ധജലം പാഴാകുന്നത് തടയാൻ നടപടികളില്ല. വേങ്ങ ഇളയപ്പൻ ക്ഷേത്രത്തിനു സമീപവും കരയോഗ മന്ദിരത്തിനു സമീപവുമാണ് പൈപ്പ് പൊട്ടി മാസങ്ങളായി ശുദ്ധജലം പാഴാകുന്നത്.

കൊല്ലം, ചവറ പ്രധാന ലൈനിലാണു തകരാർ. റോഡുകളിൽ ഏറെ ദൂരത്തോളം ജലം ഒഴുകി പരക്കുന്നതോടെ വഴികളെല്ലാം തോട് പോലെയായി. റോഡുകളും തകർന്നു കുഴികളായി. ജലഅതോറിറ്റി അധികൃതർക്ക് പലതവണ പരാതി നൽകിയിട്ടും ഫലമുണ്ടായില്ലെന്നും പ്രദേശവാസികൾ പറഞ്ഞു.



# കിഫ്ബി ഏറ്റെടുത്ത റോഡുകളുടെ നവീകരണം നീളുന്നു

**വെച്ചൂച്ചിറ:** കിഫ്ബി ഏറ്റെടുത്ത റോഡുകളിൽ തുടരെ അപകടക്കെണി രൂപപ്പെടുമ്പോഴും നവീകരണം പൂർത്തിയാക്കാൻ നടപടിയില്ല. കിഫ്ബിയുടെ മെല്ലെപ്പോക്കു നയം മലയോരവാസികൾക്കു തിരിച്ചടിയാകുന്നു. മന്ദമരുതി വെച്ചൂച്ചിറ അടക്കമുള്ള 6 റോഡുകളിലെ സ്ഥിതിയാണിത്. മന്ദമരുതി വെച്ചൂച്ചിറ റോഡിൽ വെച്ചൂച്ചിറ കവലയ്ക്കു സമീപം വശം 5 മീറ്ററോളം ദൂരത്തിൽ ഇടിഞ്ഞു കിടക്കുകയാണ്. കുറ്റികൾ നിരത്തിവച്ചാണ് ഇവിടെ അപകട മുന്നറിയിപ്പു നൽകിയിട്ടുള്ളത്. വാഹനങ്ങൾ വശം ചേർത്താൽ അപകടത്തിൽപെടുന്ന സ്ഥിതി. മഴയിൽ വശം കൂടുതൽ ഇടിഞ്ഞു താഴാനുള്ള സാധ്യതയുണ്ട്.

കുന്നത്തിനും വെച്ചൂച്ചിറ കവലയ്ക്കും മധ്യേയും റോഡിൽ കെണിയുണ്ട്. വീതി കൂട്ടിയപ്പോൾ മധ്യത്തിലായ വൈദ്യുതിത്തൂൺ വശത്തേക്കു നീക്കിയപ്പോൾ മുൻപ് തൂൺ സ്ഥാപിച്ചിരുന്ന ഭാഗം കുഴിയായി കിടക്കുകയാണ്. ഇരുചക്ര വാഹന യാത്രക്കാർ ഇവിടെ തുടരെ വീഴുകയാണ്. മന്ദമരുതി കയറ്റത്തിന്റെ വശം ഒലിച്ചു പോകുന്നതും കെണിയായി മാറുന്നു. വാഹനങ്ങൾ വശം ചേർത്താൽ അപകടം ഉറപ്പ്.

ഇതേ സ്ഥിതി വെച്ചൂച്ചിറ കനകപ്പലം റോഡിലുമുണ്ട്. കനകപ്പലം റോഡിൽ ടാറിങ്ങിനോടു ചേർന്ന വശമിരുത്തിയിരിക്കുകയാണ്. ചുവന്ന തുണി നാട്ടി സമീപവാസി അപകട മുന്നറിയിപ്പു നൽകിയിരിക്കുകയാണ്. മഴയിൽ വെള്ളമിറങ്ങി റോഡിന്റെ കൂടുതൽ ഭാഗവും ഇടിയാനിടയുണ്ട്.മഠത്തുംചാൽ പിജെടി ജംക്‌ഷൻ, മന്ദമരുതി വെച്ചൂച്ചിറ, വെച്ചൂച്ചിറ കനകപ്പലം, വെച്ചൂച്ചിറ ചാത്തൻതറ മുക്കൂട്ടുതറ എന്നീ റോഡുകളും ഇട്ടിയപ്പാറ, കാവുങ്കൽപടി ബൈപാസുകളുമാണ് കിഫ്ബിയിൽ ഏറ്റെടുത്തത്.

കുറെ ഭാഗത്ത് ബിഎം ടാറിങ്ങും ചിലയിടങ്ങളിൽ ബിഎം ആൻഡ് ബിസി ടാറിങ്ങും നടത്തിയിട്ടുണ്ട്. റോഡിലെ പൊട്ടിയ പൈപ്പുകളും മധ്യത്തിലായ വൈദ്യുതി തൂണുകളും മാറ്റി സ്ഥാപിക്കാനായി നിർമാണം കരാറുകാരൻ നിർത്തിയതാണ്. നിശ്ചിത സമയത്തു പണി പൂർത്തിയാക്കാത്തതിനാൽ കരാറുകാരൻ പിൻമാറുകയായിരുന്നു. പിന്നീട് ശേഷിക്കുന്ന പണികൾക്കായി 25 കോടി രൂപയുടെ രൂപരേഖ തയാറാക്കി കേരള റോഡ് ഫണ്ട് ബോർഡ് കിഫ്ബിക്കു നൽകിയിട്ടുണ്ട്. അതിന് ഇതുവരെ അനുമതി നൽകിയിട്ടില്ല. ഇതാണ് നിർമാണത്തെ പ്രതികൂലമായി ബാധിക്കുന്നതും തുടരെ അപകടക്കെണികൾ രൂപപ്പെടുന്നതും.

## എ പ്ലസ് ലഭിക്കാത്തവർക്ക് മോട്ടിവേഷൻ ക്യാംപ്: അപേക്ഷ ക്ഷണിച്ചു

**കൊച്ചി :** എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഇംഗ്ലീഷ്,സയൻസ്,മാത്തമാറ്റിക്സ് വിഷയങ്ങളിൽ എ പ്ലസ് ലഭിക്കാതെ പോയ വിദ്യാർഥികൾക്ക് അനുമോദനവും ഏകദിന മോട്ടിവേഷൻ ക്യാംപും സംഘടിപ്പിക്കുന്നു. എറണാകുളം ജില്ലാ ജമാഅത്ത് കൗൺസിലിന്റെ നേതൃത്വത്തിലുള്ള വനിതകളുടെ കൂട്ടായ്മയായ വിമൻസ് ഇനിഷ്യേറ്റീവ് ഫോർ സോഷ്യൽ എംപവർമെന്റ് (ഡബ്ല്യൂ.ഐ.എസ്.ഇ)ആണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്.

കുട്ടികൾക്ക് ദിശാബോധം നൽകുകയെന്ന ലക്ഷ്യത്തോടെ ചേർത്തു പിടിയ്ക്കാം ലക്ഷ്യം നേടാം പദ്ധതിയുടെ ഭാഗമായിട്ടാണ് പ്രോഗ്രാം സംഘടിപ്പിക്കുന്നത്. പ്രമുഖ വ്യക്തികൾ ക്യാംപിൽ പങ്കെടുത്ത് കുട്ടികളുടെ പഠനനിലവാരം താഴേയക്ക് പോകാനുണ്ടായ കാര്യങ്ങൾ വിശകലനം ചെയ്യുകയും അവയ്ക്ക് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യും.പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ അപേക്ഷയും മാർക്ക് ലിസ്റ്റിന്റെ പകർപ്പും സഹിതം ജൂലൈ 22 ന് മുമ്പ് ലഭിക്കത്തക്കവിധം wisecochin@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയക്കണം. കൂടുതൽ വിവരങ്ങൾക്ക് 9495425027,9446865370,9446380208.

## ഭാരതീയ ചികിത്സാ വകുപ്പിൽ 116 തസ്തികകൾ സൃഷ്ടിച്ചു

**തിരുവനന്തപുരം:** ഭാരതീയ ചികിത്സാ വകുപ്പിൽ 116 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. മെഡിക്കൽ ഓഫീസർ, നഴ്സ് ഗ്രേഡ്കക, ഫാർമസിസ്റ്റ് ഗ്രേഡ്കക, ആയുർവേദ തെറാപ്പിസ്റ്റ് എന്നീ തസ്തികകളാണ് സൃഷ്ടിച്ചത്. ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ഗുണമേന്മയോടുകൂടി സാധ്യമാക്കാനും ഇതിലൂടെ സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

5 മെഡിക്കൽ ഓഫീസർ (കൗമാരഭൃത്യം), 8 മെഡിക്കൽ ഓഫീസർ (പഞ്ചകർമ്മ), 41 മെഡിക്കൽ ഓഫീസർ (ആയുർവേദ), 2 മെഡിക്കൽ ഓഫീസർ (നാച്യുർക്യുർ) 10 നഴ്സ് ഗ്രേഡ്കക, 10 ഫാർമസിസ്റ്റ് ഗ്രേഡ്കക, 40 ആയുർവേദ തെറാപ്പിസ്റ്റ് എന്നിങ്ങനെയാണ് തസ്തികകൾ സൃഷ്ടിച്ചത്. ഭാരതീയ ചികിത്സാ വകുപ്പിൽ അടുത്തകാലത്ത് ഇതാദ്യമായാണ് ഇത്രയേറെ തസ്തികകൾ ഒരുമിച്ച് സൃഷ്ടിക്കുന്നത്.

ആയുഷ് മേഖലയുടെ വികസനത്തിന് ഈ സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. ഈ സർക്കാരിന്റെ കാലത്ത് 430 ആയുഷ് സ്ഥാപനങ്ങളെ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളാക്കി. ജീവിതശൈലി രോഗങ്ങൾ പ്രതിരോധിക്കാനായി 1000 യോഗ ക്ലബ്ബുകൾ സംസ്ഥാനത്തെ കോർപറേഷൻ, മുൻസിപ്പാലിറ്റി, ഗ്രാമ പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ ആരംഭിച്ചു. 590 വനിത യോഗ ക്ലബ്ബുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ വെൽനസ് കേന്ദ്രങ്ങളാക്കി ഉയർത്തി മികച്ച ചികിത്സാ സൗകര്യങ്ങളൊരുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ആയുർവേദ രംഗത്തെ ഗവേഷണത്തിനായി അന്താരാഷ്ട്ര ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സാക്ഷാത്ക്കരിക്കാനുള്ള ശ്രമത്തിലാണ്. ഇതിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

### ജൂനിയർ ലക്ചറർ

**തിരുവനന്തപുരം:** ഗവ. നഴ്സിങ് കോളജിൽ 202324 അധ്യയന വർഷത്തേക്ക് ജൂനിയർ ലക്ചറർമാരുടെ 18 ഒഴിവിലേക്ക് വാക് ഇൻ ഇന്റർവ്യൂ നടത്തും. സംസ്ഥാനത്തെ ഏതെങ്കിലും ഗവ. നഴ്സിങ് കോളജിൽ നിന്നുള്ള എം.എസ്.സി നഴ്സിങ് ബിരുദവും കെ.എൻ.എം.സി രജിസ്ട്രേഷനും ആണ് യോഗ്യത. സ്റ്റൈപന്റ് പ്രതിമാസം 20,500 രൂപ. താത്പര്യമുള്ളവർ വിശദമായ ബയോഡാറ്റയും, യോഗ്യത, വയസ്, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി ജൂലൈ 14ന് രാവിലെ 10നു കോളജിൽ നേരിട്ട് ഹാജരാകണം.

### ഡെപ്യൂട്ടേഷൻ ഒഴിവ്

**തിരുവനന്തപുരം:** കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റിയിൽ സെക്ഷൻ ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക്: www.kelsa.nic.in

## കൊച്ചിൻ ഷിപ്പ് യാർഡിന്റെ സിഎസ്ആർ ഫണ്ട് നൈപുണ്യപരിശീലന രംഗത്ത് ചെലവഴിക്കും

**കൊച്ചി:** പൊതുമേഖലാ സ്ഥാപനമായ കൊച്ചിൻ ഷിപ്പ് യാർഡിന്റെ സിഎസ്ആർ ഫണ്ട് നൈപുണ്യപരിശീലന രംഗത്ത് ചെലവഴിക്കാൻ ധാരണാപത്രം ഒപ്പിട്ടതായി ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി മന്ത്രി ഡോ.ആർ ബിന്ദു പറഞ്ഞു.

ഉന്നതവിദ്യാഭ്യാസ മന്ത്രിയുടെ അധ്യക്ഷതയിൽ ചേംബറിൽ നടന്ന ചടങ്ങിൽ കൊച്ചിൻ ഷിപ്പ് യാർഡ് സാങ്കേതിക വിഭാഗം ഡയറക്ടർ ബിജോയ് ഭാസ്കറും അസാപ് കേരള സിഎംഡി ഡോ. ഉഷ ടൈറ്റസുമാണ് ധാരണാപത്രത്തിൽ ഒപ്പുവെച്ചത്.

ആദ്യഘട്ടമായി 50 ലക്ഷം രൂപ കൊച്ചിൻ ഷിപ്പ് യാർഡ് ഇതിനായി ചെലവഴിക്കും. ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലെ അസാപ് കേരളയുമായി സഹകരിച്ചാണ് നൈപുണ്യ പരിശീലന രംഗത്ത് കൊച്ചിൻ ഷിപ്പ് യാർഡ് ചെലവഴിക്കുകയെന്ന് മന്ത്രി പറഞ്ഞു.

കൊച്ചിൻ ഷിപ്യാർഡിന്റെ സിഎസ്ആർ ഫണ്ട് വിനിയോഗിച്ച് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കും മൽസ്യത്തൊഴിലാളി വിഭാഗത്തിലെ യുവജനങ്ങൾക്കുമായി സംസ്ഥാനതലത്തിൽ ആരംഭിക്കുന്ന സമത്വ പദ്ധതിയുടെയും, എറണാകുളം ജില്ലയിലെ വനിതകൾക്കായി ആരംഭിക്കുന്ന ഷീസ്കിൽസ് പദ്ധതിയുടെയും ലോഞ്ചിങ്ങും ചടങ്ങിൽ നിർവ്വഹിച്ചു.

ഒമ്പത് തൊഴിലധിഷ്ഠിത പ്രോഗ്രാമുകളാണ് പദ്ധതിയിൽ നടപ്പാക്കുക. പാർശ്വവത്കൃതവിഭാഗങ്ങളിലെ യുവജനങ്ങളുടെ ഉന്നമനത്തിനാണ് പദ്ധതി ഊന്നൽ നൽകുന്നത്.

15 വയസിനു മുകളിലുള്ള വനിതകൾക്കായി നടത്തുന്ന ഷീ സ്കിൽസ് പദ്ധതി എറണാകുളം ജില്ല കേന്ദ്രീകരിച്ചായിരിക്കും നടപ്പാക്കുക.

പട്ടികജാതിപട്ടികവർഗ്ഗ വിഭാഗക്കാർക്കും മത്സ്യത്തൊഴിലാളി വിഭാഗത്തിലെ യുവജനങ്ങൾക്കുമായി നടത്തുന്ന സമത്വ പദ്ധതി കേരളത്തിലുടനീളം സംഘടിപ്പിക്കാനും ധാരണയായിട്ടുണ്ട് മന്ത്രി ഡോ ആർ ബിന്ദു പറഞ്ഞു.

### ജൈവവൈവിധ്യ ശില്പശാല സംഘടിപ്പിച്ചു

**കോഴിക്കോട്:** ആവാസ വ്യവസ്ഥയിൽ കാവുകളുടെ പങ്ക് എന്ന വിഷയത്തിൽ കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് ജൈവവൈവിധ്യ ശില്പശാല സംഘടിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ പി ചന്ദ്രി ശില്പശാല ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് മുഹമ്മദ് കക്കട്ടിൽ അധ്യക്ഷത വഹിച്ചു. കൂത്താളി ജില്ലാ ഫാം ഡയറക്ടർ പി പ്രകാശൻ മുഖ്യ പ്രഭാഷണം നടത്തി. സി.പി ശശി വിഷയാവതരണം നടത്തി.

സ്ഥിരം സമിതി അധ്യക്ഷന്മാരായ എൻ കെ ലീല, എൻ പി കുഞ്ഞിരാമൻ, ലീബ സുനിൽ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ കെ.ഒ ദിനേശൻ, ടി.വി കുഞ്ഞികണ്ണൻ, ടി.പി വിശ്വനാഥൻ, വഹീത അരീക്കര, കൈരളി കെ, ഗീത ജി ഇ ഒ എന്നിവർ സംസാരിച്ചു. വിവിധ കാവുകളെ പ്രതിനിധീകരിച്ച് വി.പി കണാരൻ, ദാസൻ വി, കൃഷ്ണൻ കായക്കൊടി തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

# കർക്കിടക വാവ്: ബലിതർപ്പണത്തിന് സുരക്ഷാ മുൻകരുതലുകൾ ഉറപ്പാക്കും



**കൊച്ചി:** ജൂലൈ 17 ന് കർക്കിടക വാവ് ദിനത്തിൽ ബലിതർപ്പണ ചടങ്ങൾ നടക്കുന്ന കേന്ദ്രങ്ങളിൽ എല്ലാവിധ സുരക്ഷാ ക്രമീകരണങ്ങളും ഏർപ്പെടുത്തുമെന്ന് ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് അറിയിച്ചു. ബലിതർപ്പണം നടക്കുന്ന പ്രധാന കേന്ദ്രമായ ആലുവ മണപ്പുറത്ത് മഴയുടെ സാഹചര്യം കണക്കിലെടുത്ത് ആവശ്യമായ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കും. ചേലാമറ്റം, കാലടി അദ്വൈതാശ്രമം എന്നിവിടങ്ങളിലും സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കും. ഫയർ ആന്റ് റസ്ക്യൂവിന്റെ നേതൃത്വത്തിൽ കൂടുതൽ ജീവനക്കാരെ സ്ഥലത്ത് വിന്യസിക്കും. സ്കൂബ ഡൈവേഴ്സ്, എയർ എൻജിനുകൾ, ബോട്ടുകൾ, റബ്ബർ ഡിങ്കികൾ എന്നിവ സ്ഥലത്ത് സജ്ജമാക്കും. നീന്തൽ അറിയാവുന്ന സിവിൽ ഡിഫൻസ് വൊളന്റിയർമാരെ സ്ഥലത്ത് സജ്ജമാക്കും. 250 ലധികം വൊളന്റിയർമാർ സേവന സന്നദ്ധരായി രംഗത്തുാകും. പെരിയാറിലെ ജലനിരപ്പ് ഇടവിട്ട അവസരങ്ങളിൽ പരിശോധിച്ച് ആവശ്യമായ മുൻകരുതൽ സ്വീകരിക്കാൻ ഇറിഗേഷൻ വകുപ്പിന് നിർദേശം നൽകി. കടവുകളിൽ ചെളി അടിഞ്ഞു കൂടിയിട്ടില്ലെന്ന് ഉറപ്പാക്കും.സുരക്ഷ ഉറപ്പാക്കുന്നതിന് കൂടുതൽ പോലീസുകാരെ സ്ഥലത്ത് വിന്യസിക്കും. പ്രധാന റോഡുകളിലും തിരക്ക് കൂടുന്ന സ്ഥലങ്ങളിലും ഗതാഗതം ക്രമീകരിക്കും. കെഎസ്ഇബിയുടെ നേതൃത്വത്തിൽ കൂടുതൽ ലൈറ്റിംഗ് സജ്ജീകരണം ഏർപ്പെടുത്തും. കൂടുതൽ ജീവനക്കാരും സ്ഥലത്തുാകും.

തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബയോടോയ്ലെറ്റുകൾ സജ്ജമാക്കും. ശുചീകരണ പ്രവർത്തനങ്ങൾ ദേവസ്വം അധികൃതരുമായി സഹകരിച്ച് നിർവഹിക്കും. കെഎസ്ആർടിസി കൂടുതൽ സർവീസ് ഏർപ്പെടുത്തും. തോട്ടക്കാട്ടുകര, ഒക്കൽ, കാലടി എന്നിവിടങ്ങളിൽ ദീർഘദൂര ബസുകൾക്ക് സ്റ്റോപ്പ് അനുവദിക്കും. പ്രധാന സ്ഥലങ്ങളിൽ ആരോഗ്യവകുപ്പ് കൂടുതൽ ജീവനക്കാരെ നിയോഗിക്കും. ആംബുലൻസുകളുടെയും ഡോക്ടർമാരുടെയും സേവനവും ഉറപ്പാക്കും.കടകളിലും ഹോട്ടലുകളിലും വിൽക്കുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ ഭക്ഷ്യ സുരക്ഷാ വിഭാഗം പ്രത്യേക പരിശോധനകൾ നടത്തും. അനധികൃത മദ്യവിൽപ്പനയും ലഹരി വസ്തുക്കളുടെ ഉപയോഗവും തടയുന്നതിന് എക്സൈസ് വകുപ്പ് നടപടി സ്വീകരിക്കും. ഇത്തരം സംഭവങ്ങൾക്കെതിരേ കർശന നടപടി സ്വീകരിക്കും.ആലുവ, കുന്നത്തുനാട് തഹസിൽദാർമാരെ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരായി ചുമതലപ്പെടുത്തി. വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ സ്ഥലത്ത് മുഴുവൻ സമയവും കുടിവെള്ള ലഭ്യത ഉറപ്പാക്കും. കടവുകളിൽ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ബാരിക്കേഡുകൾ സജ്ജമാക്കാൻ ദേവസ്വം ബോർഡിന് നിർദേശം നൽകി. സ്ത്രീകൾക്കാവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കണം. തിരക്ക് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. ജനങ്ങൾ അനാവശ്യമായി പുഴയിൽ ഇറങ്ങുന്നത് നിയന്ത്രിക്കാൻ തിരിച്ചറിയൽ കാർഡുള്ള ജീവനക്കാരെ കൂടുതലായി നിയോഗിക്കണം.മണപ്പുറത്ത് പുഴ കവിഞ്ഞ് വെള്ളം കയറുന്ന അവസ്ഥയുങ്കെിൽ ഇറിഗേഷൻ വകുപ്പ് മുൻകൂട്ടി വിവരം അറിയിക്കണം. അതനുസരിച്ച് ബലിത്തറകൾ ക്രമീകരിക്കണം. ഈ സാഹചര്യത്തിൽ മണപ്പുറത്തേക്കുള്ള ജനങ്ങളുടെ പ്രവേശനം പോലീസ് നിയന്ത്രിക്കും. കർക്കിടക വാവിനോട് അനുബന്ധിച്ചുള്ള സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്താനായി കളക്ടറേറ്റ് ട്രെയിനിംഗ് ഹാളിൽ ചേർന്ന യോഗത്തിൽ അൻവർ സാദത്ത് എം.എൽ.എ., ആലുവ നഗരസഭ ചെയർമാൻ എം.ഒ. ജോൺ, കൗൺസിലർ കെ.വി. സരള, ആലുവ റൂറൽ എഎസ്പി ജുവാനപ്പുടി മഹേഷ്, ഫോർട്ട്കൊച്ചി ആർഡിഒ പി. വിഷ്ണുരാജ്, മുവാറ്റുപുഴ ആർഡിഒ പി.എൻ. അനി, അസിസ്റ്റന്റ് കളക്ടർ നിഷാന്ത് സിഹാര, തദ്ദേശ സ്ഥാപന പ്രതിനിധികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# പെൻഷൻ പരിഷ്കരണം നടപ്പിലാക്കുന്നതിൽ അനാസ്ഥ; പ്രതിഷേധിച്ച് വാട്ടർ അതോരിറ്റി പെൻഷൻ സംഘടനകൾ




**കൊച്ചി:** വിവിധ വകുപ്പികളിലെ പെഷൻകാർക്കൊപ്പം നടപ്പിലാക്കേണ്ട 2019 മുതലുള്ള പെൻഷൻ പരിഷ്കരണം തടഞ്ഞു വെച്ചിരിക്കുന്ന സർക്കാർ നടപടിക്കെതിരെ ജല അതോരിറ്റി പെൻഷനേഴ്സ് സംഘടനകളുടെ സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ എറണാകുളം മധ്യമേഖല ചീഫ് എൻഞ്ചിനീയറുടെ ഓഫിസിനു പ്രതിഷേധം സംഘടിപ്പിച്ചു. പെൻഷൻ പരിഷ്ക്കരണ റിപോർട്ട് സമർപ്പിച്ചിട്ട് ഇന്നലെ(07.07.23) രണ്ടു വർഷം തികയുന്നതിനെ തുടർന്ന് സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ പ്രതിഷേധം സംഘടിപ്പിച്ചതിന്റെ ഭാഗമായിട്ടായിരുന്നു.എറണാകുളം മധ്യമേഖല ചീഫ് എൻജിനീയർ ഓഫിസിനു മുന്നിലെ പ്രതിഷേധം. എം.വി ചാർളി(പെൻഷനേഴ്സ്കോൺഗ്രസ് ജനറൽ കൺവീനർ ), എ.പി.സുധീരഥൻ(കേരള വാട്ടർ അതോരിറ്റി പെൻഷനേഴ്സ് ഓർഗനൈസേഷൻ), കെ.ടി.രാജു (കേരള വാട്ടർ അതോരിറ്റി റിട്ടയേർഡ് എഞ്ചിനീയേഴ്സ് അസ്സോസിയേഷൻ), ടി.ജി.മേനോൻ (കേരള വാട്ടർ അതോരിറ്റി പെൻഷനേഴ്സ് അസോസ്സിയേഷൻ), വരദരാജൻ നായർ, എം.എൻ ശശി, എ.എം സഗീർ,ടി.ജി രഘുവരൻ, സി.എസ് ശശികുമാർ ,എ.പി ലൗലി തുടങ്ങിയവർ സംസാരിച്ചു.

## ടാൻസ്ജെന്റർ വ്യക്തിൾക്ക് യത്നം പദ്ധതി

**കൊച്ചി:** ട്രാൻസ്ജെന്റർ വ്യക്തികളുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ ഉന്നമനം ലക്ഷ്യമാക്കി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കുന്ന യത്നം പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. പി എസ് സി, യു പി എസ് സി, ബാങ്ക് സർവീസ്, ആർ ആർ ബി, യു ജി സി, നെറ്റ്/ജെ ആർഎഫ്/ക്യാറ്റ്/മാറ്റ് തുടങ്ങിയ മത്സര പരീക്ഷകൾക്ക് തയാറെടുക്കുന്ന എറണാകുളം ജില്ലയിലെ ട്രാൻസ്ജെന്റർ വ്യക്തികൾക്ക് അപേക്ഷിക്കാം. അപേക്ഷാ ഫോം സാമൂഹ്യനീതി വകുപ്പിന്റെ വെബ് സൈറ്റായ www.swd.kerala.gov.in ൽ ലഭിക്കും. പൂർണമായി പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകളടക്കം എറണാകുളം ജില്ലാ സാമൂഹ്യനീതി ഓഫീസിൽ നൽകുക. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക ജില്ലാ സാമൂഹ്യനീതി ഓഫീസ്, ഗ്രൗ ഫ്ളോർ, സിവിൽ സ്റ്റേഷൻ, കാക്കനാട് ഫോൺ 0484 2425377.

## കാൾ സെന്ററിലേക്കും ഹെൽപ്പ് ഡെസ്കിലേക്കും ഒഴിവുകൾ

**കൊച്ചി:** മിഷൻ വാത്സല്യ പദ്ധതിയുടെ ഭാഗമായി വനിത ശിശു വികസന വകുപ്പിന്റെ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ കീഴിൽ നടപ്പാക്കുന്ന ജില്ലാ ശിശു സംരക്ഷണ ഓഫീസ് എറണാകുളം കാക്കനാടുള്ള ജില്ലാ കാൾ സെന്ററിലേക്കും റെയിൽവേ ഹെൽപ്പ് ഡെസ്കിലേക്കും വിവിധ തസ്തകകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അനുയോജ്യരായ ഉദ്യോഗാർഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. പ്രൊജക്ട് കോഓർഡിനേറ്റർ, കൗൺസലർ, ചൈൽഡ് ഹെൽപ്പ് ലൈൻ സൂപ്പർവൈസർ, കേസ് വർക്കർ എന്നീ ഒഴിവുകളാണുള്ളത്. നിശ്ചിത ഫോമിലുള്ള അപേക്ഷയിൽ ഫോട്ടോ പതിപ്പിച്ച് യോഗ്യത, പ്രവൃത്തി പരിചയം, വയസ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം ജൂലൈ 18 വൈകിട്ട് അഞ്ചിന് മുൻപ് ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, താഴത്തെ നില, എ3 ബ്ലോക്ക്, സിവിൽ സ്റ്റേഷൻ, കാക്കനാട് 682 030 എന്ന വിലാസത്തിൽ അപേക്ഷിക്കുക. കൂടുതൽ വിവരങ്ങൾക്ക് 0484 2959177, 9744318290. അപേക്ഷാ ഫോമിന്റെ മാതൃക www.wcd.kerala.gov.in എന്ന വെബ് സൈറ്റിലും ലഭിക്കും

## യോഗ ഇൻസ്ട്രക്റ്റർ താത്കാലിക നിയമനം

**കൊച്ചി:** തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജിൽ സ്വസ്തവൃത്ത വകുപ്പിൽ യോഗ ഇൻസ്ട്രക്റ്റർ തസ്തികയിൽ ഒഴിവ് ുŽ. ഈ തസ്തികയിലേയ്ക്ക് വാക്ക്ഇൻഇന്റർവ്യൂ നടത്തി ഓണറേറിയം വ്യവസ്ഥയിൽ താത്കാലികമായി നിയമിക്കുന്നതിന് ബന്ധപ്പെട്ട വിഷയത്തിൽ ബിഎൻവൈഎസ് /യോഗ ഡിപ്ലോമ, ബിഎഎംഎസ് വിത്ത് പിജി ഡിപ്ലോമ ഇൻ സ്വസ്തവൃത്ത, ബിഎഎംഎസ് എംഡി സ്വസ്തവൃത്ത യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കരാറടിസ്ഥാനത്തിലുള്ള കാലാവധി പരമാവധി ഒരു വർഷമോ, അതിനുമുമ്പ് സ്ഥിര നിയമനം നടത്തുന്നതുവരേയോ ആയിരിക്കും. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജൂലൈ 15ന് രാവിലെ 11 ന് കൂടിക്കാഴ്ചയ്ക്കായി തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജ് പ്രിൻസിപ്പൽ മുമ്പാകെ ബയോഡാറ്റ, ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം.

## ലൈറ്റിംഗ് ഡിസൈൻ പ്രോഗ്രാമിന് അപേക്ഷിക്കാം

**കൊച്ചി:** സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് ജൂലായ് സെഷനിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈറ്റിംഗ് ഡിസൈൻ പ്രോഗ്രാമിന് ജൂലായ് 31വരെ അപേക്ഷിക്കാം. പത്താം ക്ലാസ്സ് ആണ് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത. കമ്പ്യൂട്ടർ നിയന്ത്രിത സ്റ്റേജ് ലൈറ്റിംഗ്, ഇന്റീരിയർ ലൈറ്റിംഗ്, ടെലിവിഷൻ പ്രൊഡക്ഷൻ ലൈറ്റിംഗ്, ആംബിയൻസ് ലൈറ്റിംഗ്, ആർക്കിടെക്ചറൽ ലൈറ്റിംഗ്, എന്നിങ്ങനെ ലൈറ്റിംഗ് ടെക്നിക്കുകളും അത്യാധുനിക ലൈറ്റിംഗ് കൺസോളിൽ പരിശീലനവും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടു്. ആറു മാസം ദൈർഘ്യമുള്ള പ്രോഗ്രാമിൻറെ തിയറി പ്രാക്ടിക്കൽ ക്ലാസ്സുകൾ തിരുവനന്തപുരം കാമിയോ ലൈറ്റ് അക്കാദമിയുടെ നേതൃത്വത്തിലാണ് (9447399019) നടത്തുന്നത്. ആപ്ലിക്കേഷൻ ഓലൈനായി സമർപ്പിക്കുന്നതിന് https://apps.rccc.in/register എന്ന ലിങ്കിലൂടെ കഴിയും. വിശദവിവരങ്ങൾ ഠഠഠ.ൃരരര.ശി വെബ്സൈറ്റിൽനിന്നും, തിരുവനന്തപുരം നന്ദാവനത്തുള്ള എസ്.ആർ.സി ഓഫീസിൽ നിന്നും നേരിട്ടും ലഭിക്കും. ഫോൺ 0471 2325101, 8281114464. പഠന കേന്ദ്രമായ കാമിയോ ലൈറ്റ് അക്കാദമി വഴിയും അപേക്ഷ സമർപ്പിക്കാൻ കഴിയും. അപേക്ഷിക്കേ അവസാന തീയതി ജൂലായ് 31.

## എ പ്ലസ് ലഭിക്കാത്തവർക്ക് മോട്ടിവേഷൻ ക്യാംപ്: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഇംഗ്ലീഷ്,സയൻസ്,മാത്തമാറ്റിക്സ് വിഷയങ്ങളിൽ എ പ്ലസ് ലഭിക്കാതെ പോയ വിദ്യാർഥികൾക്ക് അനുമോദനവും ഏകദിന മോട്ടിവേഷൻ ക്യാംപും സംഘടിപ്പിക്കുന്നു. എറണാകുളം ജില്ലാ ജമാഅത്ത് കൗൺസിലിന്റെ നേതൃത്വത്തിലുള്ള വനിതകളുടെ കൂട്ടായ്മയയായ വിമൻസ് ഇനിഷ്യേറ്റീവ് ഫോർ സോഷ്യൽ എംപവർമെന്റ് (ഡബ്ല്യൂ.ഐ.എസ്.ഇ)ആണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്.കുട്ടികൾക്ക് ദിശാബോധം നൽകുകയെന്ന ലക്ഷ്യത്തോടെ ' ചേർത്തു പിടിയ്ക്കാം ലക്ഷ്യം നേടാം 'പദ്ധതിയുടെ ഭാഗമായിട്ടാണ് പ്രോഗ്രാം സംഘടിപ്പിക്കുന്നത്. പ്രമുഖ വ്യക്തികൾ ക്യാംപിൽ പങ്കെടുത്ത് കുട്ടികളുടെ പഠനനിലവാരം താഴേയക്ക് പോകാനുണ്ടായ കാര്യങ്ങൾ വിശകലനം ചെയ്യുകയും അവയ്ക്ക് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യും.പങ്കെടുക്കാൻ താൽപ്പര്യമുളളവർ അപേക്ഷയും മാർക്ക് ലിസ്റ്റിന്റെ പകർപ്പും സഹിതം ജൂലൈ 22 ന് മുമ്പ് ലഭിക്കത്തക്കവിധം wisecochin@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയക്കണം. കൂടുതൽ വിവരങ്ങൾക്ക് 9495425027,9446865370, 9446380208

## മഹാരാജാസ് കോളേജിൽ അഡ്മിനിസ്ട്രേറ്റർ കരാർ നിയമനം ഇന്റർവ്യൂ 14ന്

**കൊച്ചി:** എറണാകുളം മഹാരാജാസ് ഓട്ടോണോമസ് കോളേജിൽ കരാർ അടിസ്ഥാനത്തിൽ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിലെ ഒരു ഒഴിവിലേക്ക് താത്കാലികമായി ഉദ്യോഗാർഥിയെ നിയമിക്കുന്നതിന് ജൂലൈ 14ന് ഇന്റർവ്യൂ നടത്തുന്നു. യോഗ്യത അംഗീകൃത സർവകലാശാലയിൽ നിന്നും കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ബിരുദാനന്തര ബിരുദം/ കമ്പ്യൂട്ടർ സയൻസിൽ ബിരുദാനന്തര ബിരുദം/കമ്പ്യൂട്ടർ സയൻസിൽ ബി ടെക് ബിരുദം സോഫ്റ്റ്വെയർ, ഹാർഡ് വെയർ ടെക്നിക്കൽ കോഴ്സുകൾ ഉള്ളവർക്ക് മുൻഗണന. സർക്കാർ മേഖലയിൽ ഒരു വർഷത്തെ പ്രവൃത്തി പരിചയം അഭിലഷണീയം.

## പുനർലേലം

**കൊച്ചി:** കേരള ആംഡ് പോലീസ് ഒന്ന് ബറ്റാലിയൻ അധീനതയിലുള്ളതും, ജില്ലയിലെ പോത്താനിക്കാട് വില്ലേജിൽ സ്ഥിതി ചെയ്യുന്നതുമായ ഡിറ്റാച്ച്മെൻറ് ക്യാമ്പ് കെട്ടിടത്തിനടുത്തായി (പോത്താനിക്കാട് പോലീസ് സ്റ്റേഷന് സമീപം) നിൽക്കുന്ന 2 വട്ട മരങ്ങളുടെയും (നമ്പർ 6,7), ഒരു പാലമരത്തിൻറെയും (നമ്പർ 15) പുനർലേലം ജൂലൈ 14ന് രാവിലെ 11ന് പോത്താനിക്കാട് ക്യാമ്പിൻ നടത്തുന്നു. ലേലത്തിൽ പങ്കെടുക്കുന്നതിനായി മുദ്രവച്ച ദർഘാസുകൾ ജൂലൈ 12 ന് ഉച്ചയ്ക്ക് ഒന്നു വരെ തൃപ്പൂണിത്തുറ കേരള ആംഡ് പോലീസ് ബറ്റാലിയൻ ഓഫീസിൽ സ്വീകരിക്കും.

## മൃഗസംരക്ഷണ വകപ്പിന്റെ കൺട്രോൾ റൂം ആരംഭിച്ചു

കൊച്ചി: എറണാകുളംജില്ലയിൽ മഴക്കെടുതിയുമായി ബന്ധപ്പെട്ട് അടിയന്തിര സാഹചര്യം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ മഴക്കെടുതികൾ റിപ്പോർട്ട് ചെയ്യാൻ മൃഗസംരക്ഷണ വകപ്പിന്റെ കൺട്രോൾ റൂം ആരംഭിച്ചു.കൺട്രോൾ റൂം നമ്പർ 0484 2351 264.ജില്ലയിൽ കന്നുകാലികളെ മാറ്റിപാർപ്പിക്കേണ്ട സാഹചര്യമുണ്ടെങ്കിൽ ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട് സൗകര്യം ഒരുക്കണമെന്ന് വെറ്ററിനറി സർജൻമാർക്ക് നിർദേശം നൽകിയിട്ടുണ്ട് .അടിയന്തിര മൃഗചികിത്സിക്കായി 1962 എന്ന കൺട്രോൾ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. ജില്ലയിൽ മുളന്തുരുത്തി ,കോതമംഗലം എന്നീ ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ സേവനവും ജില്ലാ വെറ്ററിനറി കേന്ദ്രത്തിലെ മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റും ജില്ലയിലെ എല്ലാ ബ്ലോക്കുകളിലും എമർജൻസി രാത്രി കാല വെറ്ററിനറി സർജന്മാരുടെ സേവനവും ലഭ്യമാണ്. ഏത് അടിയന്തിര സാഹചര്യവും നേരിടാൻ സുസജ്ജമാണ്.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള പള്ളുരുത്തി ഐസിഡിഎസിന് ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി കരാറടിസ്ഥാനത്തിൽ ഒരു കാർ വാടകയ്ക്ക് ഓടിക്കുന്നതിന് താത്പര്യമുള്ള വാഹന ഉടമകളിൽ നിന്നും ടെൻഡർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 18 വൈകിട്ട് 3 വരെ.

# സായിദ് ചാരിറ്റി മാരത്തൺ കേരള പതിപ്പ് 2023 കോഴിക്കോട് നടക്കും

**തിരുവനന്തപുരം:** യുഎഇയുടെ സ്ഥാപക പിതാവായ പരേതനായ ഷെയ്ഖ് സായിദ് ബിൻ സുൽത്താൻ അൽ നഹ്യാന്റെ സ്മരണാർത്ഥം നടത്തുന്ന ഷെയ്ഖ് സായിദ് ചാരിറ്റി മാരത്തണിന്റെ 2023 പതിപ്പ് കേരളത്തിൽ നടത്തുവാൻ ധാരണയായി. യു.എ.ഇ, ഈജിപ്റ്റ്, ന്യൂയോർക്ക് എന്നിവിടങ്ങളിൽ നടന്നിട്ടുള്ള മാരത്തൺ ആദ്യമായാണ് ഇന്ത്യയിൽ നടത്തുന്നത്. മലയാളികളും എമിറേറ്റികളും തമ്മിലുള്ള ഊഷ്മളമായ ബന്ധമാണ് സായിദ് മാരത്തണിന്റെ സംഘാടകർ കേരളത്തെ തിരഞ്ഞെടുക്കാനുള്ള പ്രധാന കാരണം.ലോകമെമ്പാടും സ്നേഹവും സമാധാനവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള യു.എ.ഇയുടെ കാഴ്ചപ്പാടാണ് സായിദ് മാരത്തണുള്ളത്. ജീവകാരുണ്യ സംരംഭങ്ങളെ, പ്രത്യേകിച്ച് ആരോഗ്യ പരിപാലന മേഖലയെ പിന്തുണയ്ക്കുന്നതിനുള്ള ഷെയ്ഖ് സായിദിന്റെ പ്രതിബദ്ധതയും പ്രതിഫലിപ്പിക്കുന്നു.മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ജൂലൈ 5 ന് ചേർന്ന ഉന്നതതലയോഗം പരിപാടിയുടെ ആതിഥേയ നഗരമായി കോഴിക്കോടിനെ തിരഞ്ഞെടുത്തിരുന്നു. മറൈൻ ഗ്രൗണ്ട് പ്രധാന വേദിയാക്കി മാനാഞ്ചിറ വഴിയുള്ള 5 കിലോമീറ്റർ റോഡ് ആണ് ചാരിറ്റി റണ്ണിനുള്ള ട്രാക്ക് ആയി ആസൂത്രണം ചെയ്തിരിക്കുന്നത്. ടൂറിസം മന്ത്രി ചെയർമാനും കായിക മന്ത്രി കോചെയർമാനുമായി സംഘാടക സമിതി രൂപീകരിച്ചു. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ.എം.എബ്രഹാം ആണ് പരിപാടിയുടെ ജനറൽ കൺവീനർ. മുൻ സംസ്ഥാന പോലിസ് മേധാവി ജേക്കബ് പുന്നൂസ് ചെയർമാനായുള്ള വർക്കിംഗ് കമ്മിറ്റിയുടെ രൂപീകരണത്തിന് യോഗം അംഗീകാരം നൽകി.കേരളത്തിനകത്തും പുറത്തുമുള്ള യുവജനങ്ങളും വിദ്യാർഥികളും ഉൾപ്പെടെ സമൂഹത്തിന്റെ നാനാതുറകളിൽ നിന്നുള്ള 18 വയസ്സ് പൂർത്തിയായ 20000 ത്തോളം പേരെയാണ് പങ്കെടുപ്പിക്കാൻ ഉദ്ദേശിക്കുന്നത്. 2023 ഡിസംബറിൽ പരിപാടി സംഘടിപ്പിക്കാനാണ് ലക്ഷ്യം. കോഴിക്കോട് നഗരത്തിൽ വിപുലമായ സ്വാഗത സംഘം രൂപീകരിച്ച് പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകും.വലിയ തോതിലുള്ള ബഹുജന പങ്കാളിത്തം ഉറപ്പാക്കുന്നത് വഴി ആഗോള കായിക ഭൂപടത്തിൽ സംസ്ഥാനത്തിന്റെ സ്ഥാനം ഉയർത്താനും ലോക വിനോദസഞ്ചാര ഭൂപടത്തിൽ കേരളത്തിന്റെ സ്ഥാനം ഊട്ടിയുറപ്പിക്കുവാനും കഴിയും.

# കുട്ടനാട്ടിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വാട്ടർ ആംബുലൻസ് ആരംഭിച്ചു



**ആലപ്പുഴ:** കുട്ടനാടൻ മേഖലയിൽ ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ അടിയന്തിര സാഹചര്യം നേരിടുന്നതിനായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വാട്ടർ ആംബുലൻസ് പ്രവർത്തനം ആരംഭിച്ചു. ആംബുലൻസിന് പുറമേ മൂന്ന് മൊബൈൽ ഫ്ളോട്ടിംഗ് ഡിസ്പെൻസറികൾ, കരയിൽ സഞ്ചരിക്കുന്ന മൊബൈൽ യൂണിറ്റ് എന്നിവയും പ്രവർത്തനം ആരംഭിച്ചു.ജലഗതാഗത വകുപ്പിൽ നിന്നുള്ള രണ്ട് ജീവനക്കാർ, ആരോഗ്യ വകുപ്പിൽ നിന്നുള്ള ഒരു സ്റ്റാഫ് നഴ്സ് എന്നിവരാണ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റുമായി ചേർന്ന് പ്രവർത്തിക്കുന്ന വാട്ടർ ആംബുലൻസിലുള്ളത്. കുട്ടനാടൻ മേഖലയിലുള്ളവർക്ക് 24 മണിക്കൂറും ഈ ആംബുലൻസിന്റെ സേവനം ലഭ്യമാണ്. ജലനിരപ്പ് ഉയർന്നതോടെ വാഹനം എത്താത്ത പ്രദേശങ്ങളിലെ വീടുകളിൽ നിന്നുൾപ്പടെയുള്ള രോഗികളെ വാട്ടർ ആംബുലൻസിൽ കയറ്റി കരയ്ക്കെത്തിച്ച് ആശുപത്രിയിലേക്ക് മാറ്റുന്ന രീതിയിലാണ് ഈ സംവിധാനം. ഓക്സിജൻ ഉൾപ്പടെയുള്ള സേവനവും വാട്ടർ ആംബുലൻസിൽ ലഭ്യമാക്കിയിട്ടുണ്ട്.ഫ്ളോട്ടിംഗ് ഡിസ്പെൻസറികളുടെ സേവനം രാവിലെ എട്ട് മണി മുതൽ വൈകുന്നേരം ആറ് മണി വരെയാണ്. ചമ്പക്കുളം, കാവാലം, കുപ്പപുറം ആരോഗ്യ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള മൂന്ന് ഫ്ളോട്ടിംഗ് ഡിസ്പെൻസറികളിലും ഡോക്ടർ, നഴ്സ്, ഫർമസിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാണ്. പനി, മറ്റ് അസുഖങ്ങൾ തുടങ്ങിയവയ്ക്കുള്ള പ്രാഥമിക ചികിത്സ കൂടാതെ ജീവിതശൈലി രോഗങ്ങൾക്കുള്ള ചികിത്സയും മരുന്നും അടക്കമുള്ള സേവനങ്ങളും ഈ ഫ്ളോട്ടിംഗ് ഡിസ്പെൻസറികളിൽ ലഭ്യമാണ്. രോഗപ്രതിരോധ ബോധവത്കരണ പ്രവർത്തനങ്ങളും ഫ്ളോട്ടിംഗ് ഡിസ്പെൻസറികൾ വഴി നടത്തുന്നു. ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസിൽ കൺട്രോൾ റൂമും ആരംഭിച്ചിട്ടുണ്ട്. വാട്ടർ ആംബുലൻസ് നമ്പർ: 8590602129, ഡി.എം.ഒ. കൺട്രോൾ റൂം നമ്പർ: 0477 2961652.

# നെഹ്റു ട്രോഫി വള്ളംകളി ഓഗസ്റ്റ് 12ന്



**ആലപ്പുഴ:** 69മത് നെഹ്റു ട്രോഫി വള്ളംകളി ഓഗസ്റ്റ് 12, രണ്ടാം ശനിയാഴ്ച പുന്നമടക്കായലിൽ നടത്താൻ തീരുമാനം. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വെള്ളിയാഴ്ച ചേർന്ന നെഹ്റു ട്രോഫി ബോട്ട് റേസ് സൊസൈറ്റി (എൻ.ടി.ബി.ആർ.) എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലാണ് ഇതു സംബന്ധിച്ച തീരുമാനമായത്. നെഹ്റു ട്രോഫി വള്ളംകളിയും സി.ബി.എല്ലും ചേർത്ത് ഉയർന്നുവന്ന അഭ്യൂഹങ്ങൾക്ക് അടിസ്ഥാനമില്ലെന്നും കഴിഞ്ഞ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തന്നെ മുന്നോട്ടുപോകാനും യോഗം തീരുമാനിച്ചു.നെഹ്റു ട്രോഫി മത്സരത്തിന സർക്കാരിൽ നിന്ന് ലഭിച്ചു കൊണ്ടിരുന്ന ധനസഹായം ഇത്തവണയും അതേപോലെ തുടരുമെന്ന് പി.പി. ചിത്തരഞ്ജൻ എം.എൽ.എ. പറഞ്ഞു. നെഹ്റു ട്രോഫിയുടെ തനത് സ്വഭാവം നിലനിർത്തുമ്പോൾ തന്നെ സി.ബി.എല്ലുമായി സഹകരിച്ച് പോകാനുള്ള നിലപാടാണ് സ്വീകരിക്കേണ്ടതെന്ന് എച്ച്. സലാം എം.എൽ.എ. പറഞ്ഞു. എൻ.ടി.ബി.ആർ. സൊസൈറ്റിയുടെ ചെയർപേഴ്സൺ കൂടിയായ ജില്ല കളക്ടർ ഹരിത വി. കുമാറിന്റെ അധ്യക്ഷതയിലാണ് എക്സിക്യൂട്ടീവ് യോഗം ചേർന്നത്. സൊസൈറ്റി സെക്രട്ടറിയായ സബ് കളക്ടർ സൂരജ് ഷാജി, എ.ഡി.എം. എസ്. സന്തോഷ് കുമാർ, ഇഫ്രസ്ട്രച്കർ സബ് കമ്മിറ്റി കൺവീനർ എം.സി. സജീവ്കുമാർ, മുൻ എം.എൽ.എ. മാരായ സി.കെ. സദാശിവൻ, എ.എ. ഷുക്കൂർ, കെ.കെ. ഷാജു എന്നിവർ പങ്കെടുത്തു. ചടങ്ങിൽ 68ാമത് നെഹ്റു ട്രോഫി ബോട്ട് റേസിന്റെ സുവിനിയർ പ്രകാശനവും നടന്നു. വള്ളംകളി നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ സബ്കമ്മിറ്റികൾക്കും രൂപം നൽകി.

# ഉപഭോക്താക്കൾക്ക് പേഴ്സണൽ ലോൺ: ഫ്ളിപ്കാർട്ട് ആക്സിസ് ബാങ്കുമായി സഹകരിക്കും

**കൊച്ചി:** ഉപഭോക്താക്കൾക്ക് ഡിജിറ്റൽ സംവിധാനത്തിലൂടെ പേഴ്സണൽ വായ്പകൾ നൽകാൻ ഫ്ളിപ്കാർട്ട് ആക്സിസ് ബാങ്കുമായി സഹകരിക്കും. 5 ലക്ഷം രൂപ വരെയുള്ള ഡിജിറ്റൽ പേഴ്സണൽ ലോണുകളാവും ഇതിലൂടെ തൽക്ഷണം നൽകുക. ഫ്ളിപ്കാർട്ടിലൂടെ 30 സെക്കന്റിനുള്ളിൽ ഇതിനുള്ള അനുമതിയും ലഭിക്കും. 6 മുതൽ 36 മാസം വരെയായിരിക്കും തിരിച്ചടവ് കാലാവധി. 450 ദശലക്ഷത്തോളം ഉപഭോക്താക്കൾക്ക് ഇതിന്റെ ഗുണങ്ങൾ ലഭിക്കും.വായ്പാ സൗകര്യം വഴി ഉപഭോക്താക്കളുടെ വാങ്ങൽ ശേഷി വർധിപ്പിക്കുകയാണ് ആക്സിസ് ബാങ്കുമായുള്ള സഹകരണത്തിൽ പേഴ്സണൽ ലോണുകൾ അവതരിപ്പിച്ചതിലൂടെ തങ്ങൾ ലക്ഷ്യമിടുന്നതെന്ന് ഫ് ളിപ്കാർട്ട് ഫിൻടെക് ആന്റ് പെയ്മെന്റ്സ് ഗ്രൂപ്പ് സീനിയർ വൈസ് പ്രസിഡന്റ് ധീരജ് അനേജ പറഞ്ഞു. സമ്പൂർണ സാമ്പത്തിക സേവനങ്ങളാണ് ആക്സിസ് ബാങ്ക് നൽകുന്നതെന്നും നവീന മാതൃകകളുമായുള്ള സഹകരണങ്ങളിൽ തങ്ങൾ ഏർപ്പെടുകയാണെന്നും ആക്സിസ് ബാങ്ക് ഡിജിറ്റൽ ബിസിനസ് ആന്റ് ട്രാൻസ്ഫോർമേഷൻ മേധാവിയും പ്രസിഡന്റുമായ സമീർ ഷെട്ടി പറഞ്ഞു.

# സ്റ്റാർട്ടപ്പ് സംരംഭകരെ ഒന്നിച്ചു ചേർത്ത് കെഎസ് യുഎം ഫൗണ്ടേഴ്സ് മീറ്റ്

**കൊച്ചി:** സ്റ്റാർട്ടപ്പ് സംരംഭകർ, വ്യവസായ പ്രമുഖർ, നിക്ഷേപകർ എന്നിവരെ ഒന്നിച്ചു ചേർത്തു കൊണ്ട് കേരള സ്റ്റാർട്ടപ്പ് മിഷൻ ഫൗണ്ടേഴ്സ് മീറ്റ് ബംഗളുരുവിൽ സംഘടിപ്പിച്ചു. വിജ്ഞാന പങ്ക് വയ്ക്കൽ, സാങ്കേതിക ശൃംഖല രൂപീകരിക്കൽ, പങ്കാളിത്തം എന്നിവ മുൻനിറുത്തി നടത്തിയ സമ്മേളനത്തിൽ 150 ഓളം പേർ പങ്കെടുത്തു. ഫൗണ്ടേഴ്സ് മീറ്റിന്റെ 110മത് ലക്കമാണ് ജൂൺ 30 ന് നടന്നത്. കേരളത്തന് വെളിയിൽ നടത്തുന്ന ആദ്യത്തെ ഫൗണ്ടേഴ്സ് മീറ്റായിരുന്നു ഇത്. ബംഗളുരുവിലെ മലയാളി സ്റ്റാർട്ടപ്പ് സ്ഥാപകരാണ് പരിപാടിയിൽ കൂടുതലായും പങ്കെടുത്തത്. കേരള സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് നേരിട്ടറിയാനുള്ള അവസരം കൂടി ഇവർക്ക് ലഭിച്ചു. കെഎസ് യുഎം സിഇഒ അനൂപ് അംബിക, ഫിൻടെക് സ്റ്റാർട്ടപ്പായ ഓപ്പൺ സഹസ്ഥാപക ഡീന ജേക്കബ്, ട്രാക്സൻ സ്ഥാപകൻ അഭിഷേക് ഗോയൽ തുടങ്ങിയ പ്രമുഖർ പങ്കെടുത്തു. തെരഞ്ഞെടുക്കപ്പെട്ട മൂന്ന് സ്റ്റാർട്ടപ്പുകൾക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കാനുള്ള അവസരവും നൽകി.സ്റ്റാർട്ടപ്പ് സ്ഥാപകരുടെ കൂട്ടായ്മയിൽ നിന്ന് സഹായം ലഭിക്കുന്നതിനായി സ്വയം മുന്നോട്ടു വന്ന സ്റ്റാർട്ടപ്പുകൾക്ക് സ്വന്തം ഉത്പന്നങ്ങളും ആശയങ്ങളും അവതരിപ്പിക്കാനുള്ള അവസരവും ലഭിച്ചു.

# ഒമാൻ, കേരള ബിസ്സിനസ്സ് സാധ്യതകൾ നിരവധി: ഒമാൻ അംബാസിഡർ അമിത് നരംഗ്

**കൊച്ചി:** ഒമാനും കേരളവും തമ്മിലുള്ള ബിസ്സിനസ്സ് നിക്ഷേപ സാധ്യതകൾ നിരവധിയാണെന്ന് ഒമാനിലെ ഇന്ത്യൻ അംബാസിഡർ അമിത് നരംഗ് അഭിപ്രായപ്പെട്ടു. നോർക്ക റൂട്ട്സും കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയും(സി.ഐ.ഐ )സംയുക്തമായി കൊച്ചിയിൽ സംഘടിപ്പിച്ചബിസ്സിനസ്സ് മീറ്റിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളീയരായ ബിസ്സിനസ്സുകാർക്ക് ഒമാനിലെ സാധ്യതകളും, നാട്ടിലേയ്ക്ക് ഒമാനിൽ നിന്നുള്ള നിക്ഷേപം ആകർഷിക്കുന്നതു സംബന്ധിച്ചുമുള്ള സാധ്യതകൾ സംബന്ധിച്ച വിശദമായ പ്രസന്റേഷനാണ് അമിത് നരംഗ് അവതരിപ്പിച്ചത്.കേരളവും ഒമാനുമായി നൂറ്റാണ്ടുകളായി തുടരുന്ന സൗഹൃദം അദ്ദേഹം പങ്കുവെച്ചു. ആരോഗ്യം, ടൂറിസം, ആരോഗ്യടൂറിസം,ധാതുഖനനം, ഐ.ടി, ആയുർവേദം, പുനരുപയോഗ ഊർജ്ജം, മാലിന്യസംസ്കരണം തുടങ്ങിയ വ്യത്യസ്ഥ മേഖലകളിലെ ബിസ്സിനസ്സ് നിക്ഷേപ സാധ്യതകൾ അവതരണത്തിൽ വ്യക്തമാക്കി. കേരളത്തിൽ നിന്നുള്ള ബിസ്സിനസ്സ് പ്രതിനിധികൾക്ക് എല്ലാ സഹായവും ലഭ്യമാക്കാൻ ഒമാനിലെ ഇന്ത്യൻ എംബസി തയ്യാറാണ്. ഒമാൻ യു.എസ് സ്വതന്ത്രവ്യാപാര കരാറിന്റെ സാധ്യതകൾ കേരളത്തിനുകൂടി പ്രയോജനകാരമാകും വിധം ഉപയോഗപ്പെടുത്താൻ കഴിയുമെന്നും അമിത് നരംഗ് അഭിപ്രായപ്പെട്ടു. സി.ഐ.ഐ കേരള യുടെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘത്തെ അംബാസിഡർ ഒമാനിലേയ്ക്ക് ക്ഷണിച്ചു. കേരളത്തിൽ ചികിത്സയ്ക്കുൾപ്പെടെ എത്തുന്ന ഒമാൻ പൗരൻമാരെ ചതിക്കുന്ന ഏജന്റുമാരുടെ കാര്യം ഒമാൻ പ്രതിനിധികളുടെ ശ്രദ്ധയിൽ പെടുത്താമെന്ന് ചോദ്യത്തിന് മറുപടിയായി അമിത് നരംഗ് വ്യക്തമാക്കി. ചടങ്ങിൽ നോർക്ക റസിഡൻഡ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. കൊച്ചി മരടിലെ അബാദ് ന്യൂക്ലിയസ്സ് മാളിലെ സി.ഐ.ഐ ഓഫീസിൽ ചേർന്ന മീറ്റിൽ സി.ഐ.ഐ മുൻ പ്രസിഡന്റ് ശിവദാസ് ബി. മേനോൻ സ്വാഗതം പറഞ്ഞു. കെ.എസ്.ഐ.ഡി.സി. ഡപ്യൂട്ടി ജനറൽ മാനേജർ വർഗീസ് മാളക്കാരൻ ആമുഖ പ്രഭാഷണം നടത്തി.മീറ്റിന് നോർക്ക റൂട്ട്സ് സി.ഇ.ഒ ഹരികൃഷണൻ നമ്പൂതിരി നന്ദി അറിയിച്ചു.വിവിധ മേഖലകളിലെ 50ലധികം ബിസിനസ് പ്രതിനിധികൾ മീറ്റിൽ പങ്കെടുത്തു




# 'ലിയോ'യുടെ കേരള വിതരണാവകാശം ഗോകുലം മൂവിസിന്




**കൊച്ചി:** കേരളത്തിൽ സിനിമാസ്വാദകകർ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ചിത്രമായ ലോകേഷ് കനകരാജ് സംവിധാനം ചെയ്യുന്ന ദളപതി വിജയ് നായകനായെത്തുന്ന ലിയോയുടെ കേരളാ വിതരണാവകാശം ഗോകുലം ഗോപാലന്റെ ഗോകുലം മൂവിസ് സ്വന്തമാക്കി. ചിത്രത്തിന്റെ നിർമ്മാതാക്കളായ സെവൻ സ്ക്രീൻ സ്റ്റുഡിയോസ് ആണ് കേരളാവിതരണാവകാശത്തെക്കുറിച്ചുള്ള അന്നൗൺസ്മെന്റ് ടിറ്ററിൽ നടത്തിയത്. സിനിമാ പ്രേമികൾ ഏറെ ആവേശത്തോടെ കാത്തിരിക്കുന്ന ബ്രഹ്മാണ്ഡ ചിത്രം കേരളത്തിൽ അവതരിപ്പിക്കുന്നത് സന്തോഷത്തോടെയും ഏറെ അഭിമാനത്തോടെയും ആണെന്നുള്ള കാര്യം അറിയിച്ചുകൊണ്ടുള്ള ഗോകുലം ഗോപാലന്റെ വീഡിയോ സന്ദേശത്തിലൂടെയാണ് കേരളത്തിലെ വിതരണാവകാശം ഒഫീഷ്യലി നിർമ്മാതാക്കൾ അറിയിച്ചിരിക്കുന്നത്. സുജിത് നായർ നേത്രത്വം നൽകുന്ന ഡ്രീം ബിഗ് ഫിലിംസാണ് ചിത്രത്തിന്റെ കേരളത്തിലെ വിതരണം നിർവഹിക്കുന്നത്. ലോകേഷ് കനകരാജ് നേരത്തെ സംവിധാനം ചെയ്ത കമൽഹാസൻ ചിത്രം വിക്രം കേരളത്തിലും ബ്ലോക്ക് ബസ്റ്റർ വിജയം നേടിയിരുന്നു. വിജയും ലോകേഷും ഒന്നിക്കുന്ന 'ലിയോ' എന്ന ചിത്രത്തിന്മേൽ വമ്പൻ പ്രതീക്ഷകളാണ് ആരാധകർക്കിടയിലുള്ളത്.വിജയിന് പുറമേ സഞ്ജയ് ദത്ത്, തൃഷ, പ്രിയ ആനന്ദ്, അർജ്ജുൻ, മൻസൂർ അലി ഖാൻ എന്നിവർ മുഖ്യ വേഷത്തിലെത്തുന്ന ചിത്രത്തിന്റെ രചന നിർവഹിച്ചിരിക്കുന്നത് ലോകേഷ് കനകരാജ് തന്നെയാണ്. വിജയുടെ പിറന്നാൾ ദിനത്തിൽ റിലീസ് ചെയ്ത ഫസ്റ്റ് ലുക്കിനും ഞാൻ റെഡി താ സോങിനും ഗംഭീര പ്രേക്ഷക പിന്തുണ നേടിയെടുത്ത ചിത്രം 2023 ഒക്ടോബർ 19ന് തിയേറ്ററുകളിലേക്കെത്തും. പി ആർ ഓ പ്രതീഷ് ശേഖർ.

# വാർഡ്വിസാർഡിന് ഇസ്കൂട്ടർ വിൽപനയിൽ മികച്ച വളർച്ച

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഇലക്ട്രിക് വാഹന നിർമ്മാതാക്കളായ വാർഡ് വിസാർഡ് ഇന്നോവേഷൻ ആൻഡ് മൊബിലിറ്റി ലിമിറ്റഡിൽ നിന്നുള്ള ജോയ് ഇബൈക്ക് 2023 ജൂൺ മാസം മുൻ വർഷത്തേക്കാൾ 19 ശതമാനം വളർച്ച രേഖപ്പെടുത്തി. 2529 യൂണിറ്റ് ലോ സ്പീഡ്, ഹൈ സ്പീഡ് ഇരു ചക്രവൈദ്യുത വാഹനങ്ങളാണ് കമ്പനി വിറ്റഴിച്ചത്. 2022 ജൂണിൽ 2,125 യൂണിറ്റുകൾ വിറ്റഴിച്ച സ്ഥാനത്താണിത്. 2023 മെയ് മാസത്തെ വില്പനയേക്കാൾ 475 ശതമാനം വളർച്ചയും കമ്പനി രേഖപ്പെടുത്തി. മെയ് മാസം 532 യൂണിറ്റുകളാണ് വിറ്റിരുന്നത്. ഈ മാസം മുതൽ ഇലക്ട്രിക് ഇരുചക്ര വാഹനങ്ങളുടെ വിൽപനയിൽ വലിയ കുതിച്ചുചാട്ടം തങ്ങൾ കാണുന്നതായി വാർഡ്വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ യതിൻ ഗുപ്തെ പറഞ്ഞു.

# ഇസുസു ഐ കെയർ മൺസൂൺ ക്യാമ്പ് സംഘടിപ്പിക്കുന്നു

**കൊച്ചി:** ഇസുസു മോട്ടേർസ് ഇന്ത്യ ഇസുസു ഡിമാക്സ് പിക്ക് അപ്പുകൾക്കും എസ് യുവികൾക്കുമായി മൺസൂൺ ക്യാമ്പ് നടത്തുന്നു. എല്ലാ ഇസുസു അംഗീകൃത ഡീലർ സർവീസ് ഔട്ട്ലെറ്റുകളിലും 2023 ഈ മാസം 10നും ഓഗസ്റ്റ് 22 നും ഇടയിലാണ് ക്യാമ്പ്. പങ്കെടുക്കുന്ന ഉപഭോക്താക്കൾക്ക് അവരുടെ വാഹനങ്ങൾക്ക് പ്രത്യേക ഓഫറുകളും ആനുകൂല്യങ്ങളും ലഭിക്കും. സൗജന്യ 37 പോയിന്റ് സമഗ്ര പരിശോധന, പണിക്കൂലിയില് 10 ശതമാനം കിഴിവ്, പാർട്സുകൾക്ക് അഞ്ചു ശതമാനം കിഴിവ്, ലൂബ്രിക്കന്റുകൾക്കും ഫ്ളൂയിഡുകൾക്കും അഞ്ച് ശതമാനം കിഴിവ്, ആർഎസ്എ റീട്ടെയിൽ വാങ്ങലിന് 10 ശതമാനം കിഴിവ്, സൗജന്യ രജിസ്ട്രേഷൻ എന്നീ സേവനങ്ങളാണ് ഐകെയർ മൺസൂൺ ക്യാമ്പിൽ നിന്നും ലഭിക്കുന്നത്.

# ഫെസ്റ്റിവൽ കളക്ഷനുമായി പട്ടിന്റെ നെയ്ത്തുകാർ കേരളത്തിൽ; പ്രദർശനം കൊച്ചിയിൽ

**കൊച്ചി:** ഇന്ത്യയൊട്ടുക്കുമുള്ള സിൽക്കുൽപ്പാദകരെയും, പട്ടുസാരി നെയ്ത്തുകാരെയും, സഹകരണ സ്ഥാപനങ്ങളെയും അണിനിരത്തിക്കൊണ്ട് "അഭിവൃദ്ധി' സംഘടിപ്പിക്കുന്ന സിൽക്ക് ഫെസ്റ്റിവൽ 'സിൽക്ക് ഇന്ത്യ 2023' ഓണം സീസണിലെ എക്സിബിഷൻ കൊച്ചി പനമ്പിള്ളി നഗറിലെ റോട്ടറി ക്ലബ്ബ് ബാലഭവനിൽ ആരംഭിച്ചു. പരിശുദ്ധമായ സിൽക്ക് ഉൽപ്പന്നങ്ങളുമായി വിവിധ സംസ്ഥാനങ്ങളെയും സിൽക്കുൽപ്പാദകരെയും പ്രതിനിധീകരിച്ച് അൻപതിൽപരം സ്റ്റാളുകളാണ് മേളയിൽ പങ്കെടുക്കുന്നത്.കാലാവസ്ഥാപരവും, ഭൂമിശാസ്ത്രപരവുമായ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്ന പട്ടുകളിൽ പ്രമുഖമായവ ടസ്സർ, എറി, മൾബറി, മുഗാ എന്നിവയാണ്. ബീഹാർ, ആസ്സാം, ഛത്തീസ്ഗഡ് എന്നീ മൂന്ന് സംസ്ഥാനങ്ങളിലാണ് ടസ്സർ, മുഗാ എന്നിവ ഉൽപ്പാദിപ്പിക്കുന്നതെന്ന് അഭിവൃദ്ധി ആർട്ടിസൻസ് ആന്റ് വീവേഴ്സ് വെൽഫെയർ അസോസ്സിയേഷന്റെ മാനേജിങ്ങ് ഡയറക്ടർ ടി. അഭിനന്ദ് പറഞ്ഞു.മേളയിലെ എല്ലാ ഉൽപ്പന്നങ്ങളും ഉൽപ്പാദകർ തന്നെ നേരിട്ട് വിൽപ്പനക്കെത്തിക്കുന്നവ ആയതിനാൽ ഉപഭോക്താക്കൾക്ക് ന്യായമായ വിലയിൽ ലഭ്യമാണെന്ന് അഭിനന്ദ് പറഞ്ഞു.അരണി സിൽക്ക് സാരീസ്, ജോർജെറ്റ് സിൽക്ക് സാരീസ്, പൈത്തനി സാരീസ്, , സാമ്പൽപുരി, ഇക്കട്ട് , റോ സിൽക്ക് സാരീസ്, കൊസ സിൽക്ക്, ജൂട്ട് സിൽക്ക് സാരീസ്, ധാക്കാ സിൽക്ക് സാരീസ്, സിൽക്ക് ബ്ലെന്റ്സ് ഫാബ്രിക്ക്സ്, ഡിസൈനർ വെയർ ആന്റ് ബോർഡർ, ലേയ്സ്, ബാഗൽപൂർ സ്യൂട്ട്സ്ണ്, ഹിമാൽ സിൽക്ക് സാരികൾ, ക്രേപ്പ് സിൽക്ക് സാരികൾ, ഷിഫോൺ സിൽക്ക് സാരികൾ, ടസ്സർ സിൽക്ക് സാരികൾ, കാഞ്ചി സിൽക്ക്, ധർമ്മാവരം സിൽക്ക് സാരികൾ, ഹാൻഡ്‌ലൂം സിൽക്ക് കോട്ടൺ സാരികൾ, സിൽക്ക് ബ്ലെൻഡ് സാരികൾ, ഉപ്പഡ, ഗാഡ്വാൽ സിൽക്ക് സാരികൾ, ഹാൻഡ് ബ്ലോക്ക് പ്രിന്റ് സാരികൾ, കൈ കൊണ്ട് നെയ്ത മട്ക, ആസ്സാം, മുഗാ തുണിത്തരങ്ങൾ, അപൂർവ്വ സിൽക്ക് സാരികൾ, ബാലുചുരി സാരികൾ, എംബ്രോയ്ഡേഡ് ഡിസൈനർ സിൽക്ക് സാരികൾ, കാശ്മീർ സിൽക്ക്, ബഗൽപൂർ സാരികളും ഡ്രസ്സ് മെറ്റീരിയലുകളും,



കർണാടക സിൽക്ക് സാരികൾ, മൈസൂർ സിൽക്ക്, മഹേശ്വരി, കോട്ടാ സിൽക്ക്, ടെംപിൾ ബോർഡർ ഉള്ള മൾബറി സിൽക്ക്, മണിപ്പൂർ സിൽക്ക്, കൊൽക്കട്ടാ സിൽക്ക് സാരികൾ, ബനാറസ്സ് ജാംധാനി, കൈത്തറി സാരികൾ, ചന്ദേരി സിൽക്ക് എിവയെല്ലാം വിവിധ സ്റ്റാളുകളിലായി പ്രദർശനത്തിനുണ്ട്. കൂടാതെ ഷർട്ടുകൾ, കുർത്ത, ടൈ, സ്റ്റോൾസ്, ദുപ്പട്ട, ഷോൾ, സൽവാർ കമ്മീസ്, പശ്മിന ഷാളുകളും, സ്യൂട്ടുകളും, ഡിസൈനർ ഡ്രസ്സ് മറ്റീരിയലുകൾ എന്നിവയും മേളയിൽ ലഭ്യമാണ്. രാവിലെ 10:30 മുതൽ വൈകിട്ട് 8:30 വരെയാണ് ഫെയർ നടക്കുന്നത്. പ്രവേശനം സൗജന്യം. പത്തു ദിവസം നീണ്ടു നിൽക്കുന്ന മേള ജൂലൈ ഏഴിന് ജലൈ തുടങ്ങി ജൂലൈ16 ഞായറാഴ്ച സമാപിക്കും.

## അഗ്രികൾച്ചറൽ എൻജിനിയർ ഒഴിവ്

**കൊച്ചി:** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ നീരുറവ് പദ്ധതിയിൽ ജില്ലാ മിഷനുകളിലേക്ക് അഗ്രികൾച്ചറൽ എൻജിനിയറെ ഒരു വർഷത്തെ കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. 51 ഒഴിവുകളുണ്ട്.കേരളത്തിലെ സർവകലാശാലകൾ അംഗീകരിച്ച അഗ്രികൾച്ചറൽ എൻജിനിയറിംഗിലെ ബിടെക് ബിരുദമാണ് യോഗ്യത. മറ്റ് സർവകലാശാലകളിൽ നിന്നുള്ള ബിരുദം ആണെങ്കിൽ കേരളത്തിലെ ഏതെങ്കിലും സർവകലാശാല നൽകുന്ന ഇക്വലൻസി സർട്ടിഫിക്കറ്റ് ഹാജരാക്കണം. സംയോജിത നീർത്തട പരിപാലന പദ്ധതിയിൽ കുറഞ്ഞത് അഞ്ച് വർഷത്തെ പ്രവൃത്തി പരിചയത്തിന് മുൻഗണനയുണ്ട്. പ്രായ പരിധി 01.06.2023 ന് 40 വയസ് കവിയരുത്. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിന് അഞ്ച് വർഷവും, മറ്റ് പിന്നാക്ക വിഭാഗത്തിന് മൂന്നു വർഷവും വയസിളവ് ലഭിക്കും.ഉദ്യോഗാർത്ഥികൾ അപേക്ഷയോടൊപ്പം ബയോഡേറ്റ, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, വയസ്സ്, വിലാസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉള്ളടക്കം ചെയ്യണം. പ്രതിമാസ വേതനം 31,460 രൂപ.അപേക്ഷകൾ ജൂലൈ 10നു വൈകിട്ട് 5ന് മുൻപ് മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സംസ്ഥാന മിഷൻ, പബ്ലിക് ഓഫീസ്, മൂന്നാം നില, റവന്യൂ കോംപ്ലക്സ്, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ: 04712313385, 2314385. ഇമെയിൽ: careers.mgnregakerala@gmail.com.

# വോയ്സ് ഓഫ് സത്യനാഥന് ക്ലീൻ യു സർട്ടിഫിക്കറ്റ്

**കൊച്ചി:** കുടുംബ പ്രേക്ഷകരെ ലക്ഷ്യമിട്ടുള്ള ഫൺ റൈഡർ ചിത്രം വോയ്സ് ഓഫ് സത്യനാഥൻ സെൻസറിംഗ് കഴിഞ്ഞു. ചിത്രത്തിന് ക്ലീൻ യു സെർട്ടിഫിക്കറ്റ് ആണ്. സൂപ്പർ ഹിറ്റ് സിനിമകൾ സമ്മാനിച്ച സംവിധായകൻ റാഫി ജനപ്രിയനായകൻ ദിലീപ് കൂട്ടുകെട്ട് ഇത്തവണയും പ്രേക്ഷകരുടെ പ്രതീക്ഷകൾക്കനുസരിച്ച് തിയേറ്ററിൽ നർമ്മത്തിന് പ്രധാന്യം നൽകി ആസ്വാദന മിഴിവേകുന്ന കാഴ്ചകൾ സമ്മാനിക്കുമെന്നുറപ്പ് ചിത്രത്തിന്റെ ട്രെയ്‌ലെർ തന്നെ നൽകുന്നു. ജൂലൈ 14നാണ് ചിത്രം തിയേറ്ററുകളിലേക്കെത്തുന്നത്.ജോജു ജോർജ്, അനുപം ഖേർ, മകരന്ദ് ദേശ്പാണ്ഡെ, അലൻസിയർ ലോപ്പസ്, ജഗപതി ബാബു, ജാഫർ സാദിഖ് (വിക്രം ഫൈയിം),സിദ്ദിഖ്, ജോണി ആന്റണി, രമേഷ് പിഷാരടി, ജനാർദ്ദനൻ, ബോബൻ സാമുവൽ, ബെന്നി പി നായരമ്പലം, ഫൈസൽ, ഉണ്ണിരാജ, വീണാ നന്ദകുമാർ, സ്മിനു സിജോ,അംബിക മോഹൻ എന്നിവരാണ് മറ്റ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. ഒപ്പം അനുശ്രീ അതിഥി താരമായി പ്രത്യക്ഷപ്പെടുന്നുണ്ട്.പഞ്ചാബി ഹൗസ്, പാണ്ടിപ്പട, ചൈന ടൗൺ, തെങ്കാശിപ്പട്ടണം,റിംഗ് മാസ്റ്റർ എന്നി ചിത്രങ്ങൾക്കു ശേഷം ദിലീപും റാഫിയും ഒന്നിക്കുന്ന ചിത്രമാണ് 'വോയിസ് ഓഫ് സത്യനാഥൻ'. ബാദുഷ സിനിമാസിന്റേയും ഗ്രാന്റ് പ്രൊഡക്ഷൻസിന്റേയും ബാനറിൽ എൻ.എം ബാദുഷ, ഷിനോയ് മാത്യു, ദിലീപ്,രാജൻ ചിറയിൽഎന്നിവർ ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്.

എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ: മഞ്ജു ബാദുഷ,നീതു ഷിനോജ്,കോ പ്രൊഡ്യൂസർ: റോഷിത് ലാൽ വി 14ലവൻ സിനിമാസ്, പ്രിജിൻ ജെ പി,ജിബിൻ ജോസഫ് കളരിക്കപ്പറമ്പിൽ (യു .എ്യ .ഇ). റാ




ഫി തന്നെയാണ് വോയ്സ് ഓഫ് സത്യനാഥന്റെ തിരക്കഥ, സംഭാഷണം നിരവ്വഹിക്കുന്നത് ,!ഛായാഗ്രഹണം : സ്വരൂപ് ഫിലിപ്പ്,സംഗീതം : അങ്കിത് മേനോൻ,എഡിറ്റർ : ഷമീർ മുഹമ്മദ്, വസ്ത്രാലങ്കാരം : സമീറ സനീഷ്, കല സംവിധാനം : എം ബാവ, പ്രൊഡക്ഷൻ കൺട്രോളർ : ഡിക്സൺ പൊടുത്താസ്,മേക്കപ്പ് :റോണക്സ് സേവ്യർ, ചീഫ് അസ്സോസിയേറ്റ്:സൈലെക്സ് എബ്രഹാം, അസ്സോസിയേറ്റ് ഡയറക്ടർ : മുബീൻ എം റാഫി, ഫിനാൻസ് കൺട്രോളർ ഷിജോ ഡൊമനിക്,റോബിൻ അഗസ്റ്റിൻ,ഡിജിറ്റൽ മാർക്കറ്റിങ് : മാറ്റിനി ലൈവ്, സ്റ്റിൽസ്: ശാലു പേയാട്, ഡിസൈൻ : ടെൻ പോയിന്റ്, പി ആർ ഓ : പ്രതീഷ് ശേഖർ.

